# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി. 10 - 668/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 02/11/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി. 10 - 668/2021 തീയ്യതി: 02/11/2021

## പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-09-2021 | 23-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2021 | 23-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ജയപ്രഭ പി., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ കെ.ആർ., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലത ബി. | പ്രസിഡന്റ് | 01-04-2020 | 19-11-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി ആശ വി.എസ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ബിന്ദുലേഖ എസ്. | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ വിനോദ് കുമാർ റ്റി. | സെക്രട്ടറി | 04-02-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. വിഷ്ണു എസ്. | വെറ്ററിനറിസർജന് | 01-04-2020 | 24-10-2020 |
| ഡോ. നിഷ എസ്.പി. | വെറ്ററിനറിസർജന് | 25-10-2020 | 31-03-2021 |
| ഡോ. ശ്രീജിത്ത് ബാബു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. പൂർണ്ണിമ വി. രാഘവൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 24-01-2021 |
| ഡോ. രജനി ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 25-01-2021 | 31-03-2021 |
| ഡോ. അസിത എ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി രജിത ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി തുളസിഭായി | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| ശ്രീ വിനയകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ എബ്രഹാം ശാമുവേൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ സനിൽകുമാർ ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2020 | 15-06-2020 |
| ശ്രീമതി ശ്രീലത എം.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീമതി ജയമോൾ വി.എൻ. | അസിസ്റ്റന്റ് എൻജിനിയർ (തസ്വഭവ) | 01-04-2020 | 31-03-2021 |

20.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണ നിർവ്വഹണം നടത്തിയിട്ടുള്ളത്.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-10-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-4-1 |
| 6 | ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചില്ല-ലാപ്സായത് 1.55 കോടി രൂപ<br>Written By: Jayaprabha P (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-4-2 |
| 7 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-10-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റ് നടത്തിയിതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-10 |
| 13 | ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 435311 രൂപ<br>Written By: T Anilkumar (Audit Officer (HG), On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-11 |
| 14 | തനത് വരുമാനം -18.46 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 26-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-12 |
| 15 | വസ്തു നികുതി കുടിശ്ശിക 38.67 ലക്ഷം രൂപ.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-13 |
| 16 | വസ്തുനികുതിയുടെ സോഫ്റ്റ്‌വെയറിൽ നിന്നും നിരവധി കെട്ടിടങ്ങളെ ഒഴിവാക്കിയതിൽ അവ്യക്തത<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-14 |
| 17 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതിൽ അവ്യക്തത.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-15 |
| 18 | മൊബൈൽ ടവറുകളുടെ നികുതി രേഖകളിൽ നിന്നും ഡിലീറ്റ് ചെയ്തു-ക്രമവിരുദ്ധം. | 1-16 |

| | | |
|---|---|---|
| | Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | |
| 19 | കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം- ഇളവുകൾ നൽകിയതിൽ സുതാര്യതയില്ല.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-17 |
| 20 | കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കി<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-18 |
| 21 | വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ കാരണം വരുമാന നഷ്ടം.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-19 |
| 22 | നിരവധി സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തില്ല; വരവ് നഷ്ടം<br>Written By: K S Deepa (Auditor, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-20 |
| 23 | വാടക കുടിശ്ശിക ഈടാക്കാനുള്ളത് 413295 രൂപ<br>Written By: K S Deepa (Auditor, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-21 |
| 24 | ഗ്രൗണ്ട് ഫ്ലോറിന്റെ ഭൂരിഭാഗവും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുമെന്ന കരാറിൽ വാണിജ്യ കെട്ടിടത്തിനെ ക്രമവൽക്കരിച്ചു നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-22 |
| 25 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അളവിൽ നിന്നും 97.11 ചതുരശ്രമീറ്റർ കുറവായി നികുതി നിർണ്ണയം നടത്തി<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-23 |
| 26 | ഗോഡൗണിന്റെ പകുതി ഭാഗം മാത്രം ക്രമവൽക്കരിച്ചതിൽ സുതാര്യതയില്ല.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-24 |
| 27 | ഗ്രൗണ്ട് ഫ്ലോറിന്റെ ഭൂരിഭാഗവും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുമെന്ന കരാറിൽ മൂന്നു നില വാണിജ്യ കെട്ടിടത്തിനെ ക്രമവൽക്കരിച്ചു നൽകി.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-25 |
| 28 | ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച ബഹുനില വാണിജ്യ കെട്ടിടത്തിന്റെ 70% ക്രമവൽക്കരിച്ചു.<br>Written By: K R Maheshkumar (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-26 |
| 29 | ജന്റർ റിസോഴ്സ് സെന്റർ - നിർമ്മാണവും പ്രവർത്തനവും<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: T Anilkumar (Audit Officer (HG), On 26-09-2021) | 1-27 |
| 30 | അഗതിരഹിത കേരളം പദ്ധതി - പ്ലാൻ ഫണ്ട് ചെലഴിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 20-10-2021) | 1-28 |
| 31 | ബാലസഭ പ്രവർത്തനം – അധികതുക വകയിരുത്തി ചെലവഴിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-29 |
| 32 | വാട്ടർ ടാങ്ക് വിതരണം - വികസന ഫണ്ടിൽ നിന്ന് അധിക തുക ചെലവഴിച്ചു<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-30 |
| 33 | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-31 |
| 34 | സംയോജിതശിശുവികസനപദ്ധതി- കേന്ദ്രഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-32 |

| | | |
|---|---|---|
| | Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | |
| 35 | സംയുക്ത പദ്ധതി നിർവഹണം - വകയിരുത്തിയ തുക ലഭ്യമായില്ല; ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിക്കപ്പെട്ടു<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-33 |
| 36 | മരുന്ന് പൂർണ്ണമായും ലഭിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-34 |
| 37 | ഹോംകോയിൽ നിന്ന് മരുന്ന് പൂർണ്ണമായി ലഭിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 22-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-35 |
| 38 | റെക്കോർഡ് റൂം സജ്ജീകരണം-വാല്യുവേഷൻ എടുക്കാതെ പ്രതിഫലം നൽകി<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-36 |
| 39 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-37 |
| 40 | തെരുവ് വിളക്ക് പരിപാലനം - എഗ്രിമെന്റ് ഇല്ലാതെ പർച്ചേസ് നടത്തി<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-38 |
| 41 | പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 26-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 1-39 |
| 42 | കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രതിഫലം നൽകി - തുക തടസ്സപ്പെടുത്തുന്നു<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-40 |
| 43 | ലൈബ്രറി സെസ്സ് തുക അടവാക്കിയിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 20-10-2021) | 1-41 |
| 44 | തുക നിക്ഷേപിച്ചിട്ടും ലാപ്പ് ടോപ്പുകൾ ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-42 |
| 45 | ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ച വികസന ഫണ്ട് തുക നാളിതു വരെ ചെലവഴിച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 1-43 |
| 46 | വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ - 53.36 ലക്ഷം രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 1-44 |
| 47 | കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-45 |
| 48 | പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- തനതു ഫണ്ടിൽ നിഷ്ക്രിയമായി നിക്ഷേപിച്ചിരിക്കുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-46 |
| 49 | സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-47 |
| 50 | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ലാതെ ഓഫീസ് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കി<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-48 |
| 51 | ജീവനക്കാരുടെ മാറ്റി വെച്ച ശമ്പളം തിരികെ നൽകിയപ്പോൾ NPS | 1-49 |

| | | |
|---|---|---|
| | വിഹിതം പിടിച്ചില്ല.<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | |
| 52 | ഗുണഭോക്തൃ വിഹിതമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്ന തുകകൾ നാളിതുവരെ തിരികെ നൽകിയിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-50 |
| 53 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-51 |
| 54 | പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാർ പ്രവൃത്തി പൂർത്തിയാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-52 |
| 55 | സെൽഫ് ഡിക്ലറേഷൻ ഫോറം ഹാജരാക്കാത്ത കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-53 |
| 56 | ലൈഫ് പ്രോജക്ട്- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Jayaprabha P (Asst. Audit Officer, On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-54 |
| 57 | കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പിന് ചെലവഴിച്ച തുകയിൽ 710083 രൂപ മടക്കി ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-55 |
| 58 | അങ്കണവാടികളുടെ വെള്ളക്കരം ഒടുക്കിയില്ല; കുടിശ്ശികയിന്മേലുള്ള പലിശയും, കൂട്ടുപലിശയും ഉൾപ്പടെ 3.3 ലക്ഷം രൂപ ഒടുക്കുവരുത്തി<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-56 |
| 59 | യഥാസമയം വെള്ളക്കരം ഒടുക്കാത്തതുമൂലം പലിശ ബാദ്ധ്യതയാകുന്നു.<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-57 |
| 60 | ABC-പ്രോഗ്രാം - തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Arun P B (Senior Grade Auditor, On 24-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-58 |
| 61 | ലോഗ് ബുക്കിന്റെ പരിപാലനത്തിൽ അപാകം<br>Written By: T Anilkumar (Audit Officer (HG), On 25-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 1-59 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിവരം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Johncy John (Computer Assistant, On 27-10-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |

| | | |
|---|---|---|
| | Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Joe M James (Computer Assistant, On 28-10-2021) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Deepa S (Asst. Audit Officer, On 22-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Deepa S (Asst. Audit Officer, On 21-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: Deepa S (Asst. Audit Officer, On 21-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 21-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

2020-21വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.03.2020ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 17.03.2021 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 21.04.2021-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2) ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കൃത്യമായി അപ്ഡേറ്റ് ചെയ്യാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3) ഷെഡ്യൂൾ B11(A):-(Capital Work In Progress ) തൻവർഷം നൽകിയ പാർട്ട ബില്ലുകൾ അക്കൗണ്ട് ചെയ്തിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 വർഷം 3014445രൂപയുടെ പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ട്.

4)ഷെഡ്യൂൾ RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5)Schedule B5 – Secured Loan From State Government – 880000- ടി തുക ലൈഫ് പദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതമായി ലഭിച്ച തുകയാണ്. ടി തുക തെറ്റായി ലോൺ അക്കൗണ്ടിൽ കാണിച്ചിരിക്കുന്നു.

6)Schedule B4- 320200322- ശുചിത്വ മിഷൻ ഫണ്ട് - ബാലൻസ് തുക- 8819268രൂപ

തുകയുടെ ഇനം തിരിച്ചുള്ള വിവരം 2020-21 വർഷത്തെ ലയബിലിറ്റി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ 162820 രൂപ വ്യത്യാസം ബോധ്യപ്പെടുത്തുന്നതിന് സാധിച്ചില്ല.

7. Schedule B4- Beneficiary Contribution- AFS പ്രകാരമുള്ള ചെലവും (350158 രൂപ) ACR പ്രകാരമുള്ള ചെലവും (336908 രൂപ) പൊരുത്തപ്പെടുന്നില്ല.

8.SBI – Current Account- E-Payment – 2021 മാർച്ച് മാസത്തെ Reconciliation Statement പ്രകാരം Directly Debited By Bank- 9857 രൂപ, തുകയുടെ കൃത്യത ബോധ്യപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

9.Schedule B-18 – ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കുകയോ വിനിയോഗസാക്ഷ്യ പത്രത്തിന്റെ വിവരം രേഖപ്പെടുത്തുകയോ ചെയ്യാത്തതിനാലും ലെഡ്ജറിൽ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| Temperory Advance For Official Purpose | 39883 |
| Advance To Implementing Agencies- KWA | 9301789 |
| Advance To Implementing Agencies- KSEB | 11830708 |
| Advance To Implementing Agencies- PWD | 580000 |
| Advance To Others | 939734 |

10.തൊഴിൽ നികുതി- ഡിമാന്റ് രജിസ്റ്ററിൽ ഓരോ പേജിലുമുള്ള തുകകൾ കൂട്ടി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്യാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40873596 |
| വരവ് | 98894238 |
| ആകെ | 139767834 |
| ചെലവ് | 121256609 |
| നീക്കിയിരിപ്പ് | 18511225 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ബാക്കി തുകയുടെ വിശദാംശം | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായ തുക |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15705000 | 15705000 | 14723113 | 981887 | 0 | 981887 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11696000 | 11696000 | 11007255 | 688745 | 0 | 688745 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Basic Grant) | 0 | 15462189 | 15462189 | 8255938 | 7206251 | 0 | 7206251 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6890000 | 6890000 | 1126901 | 5763099 | 0 | 5763099 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 16676000 | 16676000 | 15969012 | 706988 | 0 | 706988 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5468000 | 5468000 | 5265645 | 202355 | 0 | 202355 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| ഐ.സി.ഡി.എസ്സ് കേന്ദ്ര വിഹിതം | 2193890 | 867307 | 3061197 | 935334 | 2125863 | | |
| സ്വച്ഛ ഭാരത് | 300284 | 0 | 300284 | 130200 | 170084 | | |
| പെർഫോമൻസ് ഗ്രാന്റ് | 1181024 | 3323340 | 4504364 | 400000 | 4104364 | | |
| ഒ ഡി എഫ് | 6000 | 0 | 6000 | 0 | 6000 | | |
| എൻ.ആർ.ഇ.ജി.എസ്സ് | 0 | 87933024 | 87933024 | 87933024 | 0 | | |
| പൈക | 46633 | 0 | 46633 | 0 | 46633 | | |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | | |
| വിമുക്തി | 50500 | 0 | 50500 | 0 | 50500 | | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 15035 | 0 | 15035 | 0 | 15035 | | |
| ഐ.സി.ഡി.പി. ഡയറി | 134259 | 0 | 134259 | 0 | 134259 | | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

എ)വികസന ഫണ്ട് ജനറൽ, എസ്സ്.സി.പി എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകകളും അലോട്ട്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ വ്യത്യാസം ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

അലോട്ട്മെന്റ് പ്രകാരമുള്ള വരവിനു പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷമുള്ള അറ്റ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് തുക | സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക | | പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| | | ലൈഫ് മിഷന് വായ്പാ മുതൽ തിരിച്ചടവ് | 2018-19ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ ഈടാക്കുന്ന തുക | |
| വികസന ഫണ്ട്(ജനറൽ) | 15705000 | 1450314 | 1401600 | 12853086 |
| വികസന ഫണ്ട്(എസ്സ്.സി.പി)) | 11696000 | 688745 | - | 11007255 |

ബി)റോഡ്, റോഡിതര സംരക്ഷണ ഗ്രാന്റ് - വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് സ്രോതസ്സിൽ നിന്നും കുറവുചെയ്ത തുക വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

| റോഡിതര സംരക്ഷണ ഗ്രാന്റ് | | |
|---|---|---|
| അനുവദിച്ച തുക | വോട്ടിംഗ് മെഷീൻ വാങ്ങിയ ഇനത്തിൽ കുറവു ചെയ്യുന്ന തുക | അറ്റ തുക/ഗ്രാന്റ് പത്രിക പ്രകാരമുള്ള വരവ് |
| 5468000 | 55306 | 5412694 |

## 1-4-2 ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചില്ല-ലാപ്സായത് 1.55 കോടി രൂപ

ലഭ്യമായ ഗ്രാന്റുകൾ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 15549325 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു.

| ഗ്രാന്റ് | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 981887 |
| വികസനഫണ്ട് (എസ്.സി.പി) | 688745 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Basic Grant) | 7206251 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 5763099 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 706988 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 202355 |
| ആകെ | 15549325 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 275 | 127670369 | 197 | 76519061 | 78 | 59.9 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 71% മാത്രമാണ് തൻവർഷം നടപ്പിലാക്കാൻ സാധിച്ചത്. ഇതിനായി ചെലവഴിച്ചതാകട്ടെ ലക്ഷ്യമിട്ട തുകയുടെ 59.9% മാത്രവും.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർഇ..ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 2034024 | 2034024 | 2034024 | 0 |
| എം.ജി.എൻ.ആർഇ..ജി.എസ് - തൊഴിലാളികളുടെ വേതനം | 0 | 85899000 | 85899000 | 85899000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 230 | 3736600 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 436 | 6647500 |
| 3 | വാർധക്യകാല പെൻഷൻ | 3627 | 46344200 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 60 | 837600 |
| 5 | വിധവാ പെൻഷൻ | 1280 | 18481500 |
| 6 | തൊഴിൽ രഹിത വേതനം | 50 | 38160 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2021 തീയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 36406 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പൊതു ആഭ്യന്തരനിയന്ത്രണം സുഗമമാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് 31.12.2019 മുതൽ 3 വർഷത്തേക്ക് ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെങ്കിലും റിക്കാർഡ് മുറി സജ്ജീകരിച്ച് രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണ്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലി വിഭജനം ചെയ്തിട്ടുള്ളത് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും പ്രവർത്തനങ്ങളും സുഗമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്:

ഫയലുകളും, രേഖകളും, രജിസ്റ്ററുകളും, ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പണസംബന്ധമായ ഇടപാടുകളിൽ നിയമവും, ചട്ടവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പലപ്പോഴും ലംഘിക്കപ്പെട്ടു. ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയ ശേഷമേ ചെക്ക്/ ബിൽ എഴുതാൻ പാടുള്ളൂ. എന്നാൽ ഓഡിറ്റ് വർഷത്തെ വൗച്ചറുകളിൽ ഭൂരിഭാഗവും പ്രസിഡന്റ് കൈയൊപ്പിട്ട് ആധികാരികമാക്കിയവയല്ല. പ്രസിഡന്റിന്റെ രേഖാമൂലമുള്ള അനുമതിയില്ലാതെയാണ് പഞ്ചായത്ത് ഫണ്ടിൽനിന്ന് പണം പിൻവലിച്ചിട്ടുള്ളതെന്നാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. അയ്യായിരം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിക്കാതെയും പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയില്ലാതെയും നടത്തിയിട്ടുണ്ട്. വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്കിൽ ചേർത്ത് വിനിയോഗവിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ഓഫീസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്റ്ററുകളുടെസൂക്ഷിപ്പ്:

പഞ്ചായത്തിലെ പ്രധാന വരവിനങ്ങളുടെയൊന്നും ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകൾ കൂട്ടി എഴുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ കണക്കാക്കിയിട്ടില്ല. പകരം സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവ് കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 13.09.2018 വരെ | 2013-2014 To 2017-2018 | 23.10.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 06.08.2021 – 11.08.2021 | 04/2020 - 03/2021 | 13.08.2021 |

## 1-11 ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 435311 രൂപ

2016-17 മുതൽ 2020-21 വരെ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽനിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുള്ള 435311 രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ ആവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 104600 |
| 2017-18 | 127100 |
| 2018-19 | 9660 |

| | |
|---|---|
| 2019-20 | 86458 |
| 2020-21 | 107493 |
| ആകെ | 435311 |

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഈടാക്കി എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ തുക, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/ സിഇ/തസ്വഭവ നമ്പർ സർക്കുലർ). പഞ്ചായത്ത് ഇ-ടെണ്ടർ ഫീസ് ആവശ്യത്തിലേക്ക് SBI-ൽ അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഈ അക്കൌണ്ടിലേക്ക് ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ സ്റ്റാഫിന്റെ പരിമിതി മൂലമാണ് ഇ-ടെണ്ടർ അക്കൌണ്ട് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ കഴിയാതിരുന്നതെന്നും ഈ സാമ്പത്തിക വർഷംതന്നെ അക്കൌണ്ടിലേക്ക് ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണെന്നും അസി.എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും അസി.എഞ്ചിനീയറുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൌണ്ടിലേക്ക് ഒടുക്കുന്നതിനും, 2016-17 മുതൽ 2020-21 വരെ ഈ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുള്ള 435311 രൂപ മടക്കി ലഭിക്കുന്നതിനും അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 തനത് വരുമാനം -18.46 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഓഡിറ്റ് വർഷം പഞ്ചായത്ത് നികുതി, ഫീസ്, വാടക ഇനങ്ങളിലുള്ള ഡിമാന്റ് തുകകൾ പിരിച്ചെടുത്തിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു. (വാർഷികകണക്ക് പ്രകാരമുള്ളത്)

| ഇനം | ഡിമാന്റ് തുക | പിരിച്ചെടുത്ത തുക | ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|
| വസ്തു നികുതി | 5636474 | 3906072 | 1816921 | 70% |
| തൊഴിൽ നികുതി | 1809685 | 1809685 | 0 | 100% |
| വ്യാപാര ലൈസൻസ് ഫീസ് | 247050 | 247050 | 0 | 100% |
| വാടക | 96186 | 66182 | 30004 | 69% |
| | 7789395 | 6028989 | 1846925 | 77% |

നികുതി, നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിവിധ വരവ് ഇനങ്ങളിലായി വർഷാന്ത്യത്തിൽ 1846925 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. തൊഴിൽ നികുതി, വാടക ഇനങ്ങളിലുള്ള ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ വർഷാന്ത്യത്തിൽ ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകകൾ കൂട്ടി എഴുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇവയുടെ അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ കുടിശ്ശിക പിരിവിന്റെ പുരോഗതി ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ തന്നെ വാർഷിക കണക്കിലെ തുകകൾ കൃത്യമാണോ എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല.

അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതിനും, കുടിശ്ശിക തുകകൾ പൂർണ്ണമായി പിരിച്ചെടുത്ത് 100% പിരിവ് കൈവരിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി കുടിശ്ശിക 38.67 ലക്ഷം രൂപ.

2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്- കളക്ഷൻ- ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ 22.84 ലക്ഷം രൂപ കുടിശ്ശികയുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷ ഡിമാന്റ് | ആകെ | കുടിശ്ശിക | തൻവർഷ കളക്ഷൻ | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 3058278 | 7531599 | 10589877 | 1795268 | 6510546 | 8305814 | 1263010 | 1021053 | 2284063 |

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതി കുടിശ്ശിക 38.67 ലക്ഷം രൂപയാണെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷ ഡിമാന്റ് | ആകെ | കുടിശ്ശിക | തൻവർഷ കളക്ഷൻ | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 2314786 | 7974842 | 10289628 | 870003 | 5551635 | 6421638 | 1444783 | 2423207 | 3867990 |

വസ്തു നികുതി കുടിശ്ശിക ഓരോ വർഷവും കൂടി വരുന്നതായി ഇതിൽ നിന്നും വ്യക്തമാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രധാന സ്ഥാപനങ്ങളുടെ/വ്യക്തികളുടെ വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല .

| ക്രമ നം | വാർഡ് നം/ കെട്ടിട നം | വസ്തു നികുതി+ലൈബ്രറി സെസ്സ്+സർവ്വീസ് സെസ്സ് | കുടിശ്ശിക (2019-20, 2020-21,2021-22 ) ₹ |
|---|---|---|---|
| 1 | 05/753 | 7492+375+2623=10490 | 10490x3=31470 |
| 2 | 06/551 | 8910+446+3119=12475 | 12475x2=24950 |
| 3 | 07/130 | 6793+340+2378=9511 | 9511x3=28533 |
| 4 | 12/184 | 12000+600+4200=16800 | 16800x2+16800x1/2 =42000 |
| 5 | 12/374 | 6480+324+2268=9072 | 9072x3=27216 |
| 6 | 12/915 | 17052+853+5969=23874 | 23874x3=71622 |
| 7 | 12/955 | 9511+476+3329=13316 | 13316x2=26632 |
| 8 | 12/1093 | 8573+429+3001=12003 | 12003x2=24006 |
| 9 | 14/740 | 10080+504+3528=14112 | 14112x2=28224 |
| 10 | 14/956 | 8484+425+2970=11879 | 11879x2=23758 |
| 11 | 14/958 | 8060+403+2821=11284 | 11284x2=22568 |
| 12 | 14/1139 | 11145+558+3901=15604 | 15604x2=31208 |
| 13 | 14/1140 | 30458+1523+10661=42642 | 42642x3=127926 |
| 14 | 14/1141 | 9054+453+3169=12676 | 12676x2=25352 |
| 15 | 14/1179 | 8832+442+3092=12366 | 12366/2+12366x2 =30915 |
| 16 | 15/229 | 31416+1571+10996=43983 | 43983x2=87966 |
| 17 | 15/651 | 6505+326+2277=9108 | 9108x3=27324 |
| 18 | 15/654 | 6937+347+2428=9712 | 9712x4=38848 |
| 19 | 16/640 | 11790+590+4127=16507 | 16507x2=33014 |
| 20 | 16/712-7180 | 2789+140+977=3906x7 Buildings =27342 | 27342x4=109368 |

ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ലക്ഷങ്ങൾ വസ്തുനികുതി കുടിശ്ശിക വരുത്തിയ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട് എന്ന് മേൽ ടേബിളിൽ നിന്നു വ്യക്തമാണ്. കുടിശ്ശിക ഈടാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കാത്തപക്ഷം ഇവ ഗ്രാമപഞ്ചായത്തിനു എന്നന്നേക്കമായി നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അത്തരം വീഴ്ചകൾക്ക് ബന്ധപ്പെട്ട സെക്ഷനും മറ്റുദ്യോഗസ്ഥരും ഉത്തരവാദികളാകുന്നതാണ്. കുടശ്ശിക വരുത്തിയ നികുതിദായകർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 1-14 വസ്തുനികുതിയുടെ സോഫ്റ്റ്‌വെയറിൽ നിന്നും നിരവധി കെട്ടിടങ്ങളെ ഒഴിവാക്കിയതിൽ അവ്യക്തത

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന അസസ്സ്മെന്റ് രജിസ്റ്ററുകളും സോഫ്റ്റ് വെയറിൽനിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങളും പരിശോധിച്ചതിൽ നിന്നും 783 കെട്ടിടങ്ങളെ നികുതിയിൽ നിന്നും രേഖകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന കെട്ടിടങ്ങളെ ഒഴിവാക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 14/2020-21;15.09.2021) ഏതാനം കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടിയായി ലഭ്യമാക്കിയത്. ഫയലുകൾ ഹാജരാക്കിയില്ല. 2017 മുതൽ 2019 വരെയുള്ള കാലഘട്ടത്തിലാണ് കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് ആധികാരികമായ മറുപടി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഡിലീറ്റ് ചെയ്ത ഫയൽ നം/ തീയതി/ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|
| 1 | 15/466, മാളൂട്ടം | സെന്റ് പോൾസ് ലാത്തിൻ കത്തോലിക്ക ചർച്ച് | 21.02.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 2 | 06/649, | സെന്റ് മേരീസ് | 21.02.2017 | മറുപടി ലഭ്യമാക്കിയില്ല. |

| | | | | |
|---|---|---|---|---|
| | നെടുമൺ | യാക്കോബ പള്ളി | വിദ്യാധരൻ പിള്ള, സെക്രട്ടറി | |
| 3 | 02/486 വെള്ളപ്പാറമുരുപ്പ് | സെന്റ് മേരീസ് ഓർത്തഡോക്സ് | 21.02.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 4 | 05/834 പ്ലാന്റേഷൻ ജംഗ്ഷൻ | കെ എം മാത്യു, താബോർ | 06.07.2020 ബിന്ദുലത എസ്, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 5 | 15/467 മാങ്കൂട്ടം | സെന്റ് പോൾസ് ലാത്തിൻ കത്തോലിക്ക ചർച്ച് | 21.02.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 6 | 06/566 നെടുമൺ | ഇവാഞ്ചലിക്കൽ പള്ളി ഹാൾ | 21.02.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 7 | 20/498, ഏഴംകുളം ടൗൺ | ഉണ്ണികൃഷ്ണൻ നായർ , PNM വിദ്യാഭാരത് സെൻട്രൽ സ്കൂൾ | 03.03.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 8 | 20/499 ഏഴംകുളം ടൗൺ | ഉണ്ണികൃഷ്ണൻ നായർ , PNM വിദ്യാഭാരത് സെൻട്രൽ സ്കൂൾ | 03.03.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 9 | 20/497 ഏഴംകുളം ടൗൺ | ഉണ്ണികൃഷ്ണൻ നായർ , PNM വിദ്യാഭാരത് സെൻട്രൽ സ്കൂൾ | 03.03.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 10 | 20/504 ഏഴംകുളം ടൗൺ | ഉണ്ണികൃഷ്ണൻ നായർ , PNM വിദ്യാഭാരത് സെൻട്രൽ സ്കൂൾ | 08.03.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 11 | 14/1103,1104,1105,1106,1107 | എം സാമുവൽ, സാം കോട്ടേജ് | 08.01.2018 മേരിലത, സെക്രട്ടറി | 14 ാം വാർഡിൽ ഉടമസ്ഥന കെട്ടിടങ്ങളില്ല എന്ന മറുപടി നൽകി. |
| 12 | 08/123, 124, 125, 126, 127, 128 കൈതപ്പറമ്പ് | KVVS കോളേജ് | 15.05.2017 മേരിലത,സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 13 | 20/701 ഏഴംകുളം ടൗൺ | കെ.രാജു, എംസൺ നഗർ | 08.03.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 14 | 06/174, 175, 176 നെടുമൺ | നെടുമൺ സർവ്വീസ് സഹകരണ ബാങ്ക് | 08.03.2017 വിദ്യാധരൻ പിള്ള, സെക്രട്ടറി | മറുപടി ലഭ്യമാക്കിയില്ല. |
| 15 | 11/361 ഇളംഗമംഗലം | NSS കരയോഗമന്ദിരം | 16.03.2018 മേരിലത, സെക്രട്ടറി | 11/103 നമ്പരായി കെട്ടിടം ഉണ്ടെന്നും ഇരട്ടിപ്പ് ഉള്ളതിനാലാണ് ഈ കെട്ടിടം ഡിലീറ്റ് ചെയ്തതെന്നും മറുപടി നൽകി. |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിന്റെ അസസ്സ്മെന്റ് രജിസ്റ്റർ ഭരണതലത്തിൽ പരിശോധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. കെട്ടിടങ്ങൾ നികുതിനിർണ്ണയത്തിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ടോയെന്നു ഭരണതലത്തിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-15 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതിൽ അവ്യക്തത.

താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | അടവാക്കിയ തുക-രസീത് വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 20/857, ഏഴംകുളം ടൗൺ | എം എസ് റിലയൻസ് ഇൻഫോകോം ലിമിറ്റഡ് 38/628(അർകോട്,എസ് എ റോഡ്,കടത്രൃ,കൊച്ചി, | 18000+ 900+ 6300 = 25200 | 22020 1190404000200/ 24.03.2020 | 2018 Second Half,2019 Second Half |
| | | | | 55916 121040500021/ 06.08.2021 | 2018,2019 First Half, 2020,2021 First & Second |

ഈ കെട്ടിടത്തിനു/ടവറിനു (Building ID:50418010012412) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2020-21 വരെയുള്ള നികുതി അടവാക്കിയതായാണ് രേഖയിലുള്ളത്. ടി കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ആദ്യ പകുതി എന്നത് 12600 രൂപയാണ് വരേണ്ടിയിരുന്നത് (9000+450+3150). എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ടി തുക 10264 (7331+367+2566) രൂപയായി കുറവായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ രണ്ടാം പകുതിയിൽ തുക കൃത്യമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. മുൻ വർഷങ്ങളിലെ നികുതി തുക അടവാക്കിയതിലും കുറവു വന്നിട്ടുണ്ട്. മേൽ കാണിച്ചിട്ടുള്ള രസീതു പ്രകാരം നികുതിയിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | അടവാക്കിയ തുക-രസീത് വിവരം-നികുതി വർഷം | അടവാക്കേണ്ട തുക (പിഴപ്പലിശ ഇല്ലാതെ) | വ്യത്യാസം |
|---|---|---|---|---|---|
| 1 | 20/857, ഏഴംകുളം ടൗൺ | 18000 + 900 + 6300 = 25200 | 22020 1190404000200/ 24.03.2020; 2018 Second Half,2019 Second Half | 25200 | 3180 |
| | | | 55916 121040500021/ 06.08.2021 2018,2019 First Half, 2020,2021 First & Second | 75600 | 19684 |
| | ആകെ | | 77936 | 100800 | 22864 |

അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം: 12/2020-21; 15.09.2021) ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയില്ല. കുറവായ തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മൊബൈൽ ടവർ കമ്പനി അധികൃതർക്കോ കെട്ടിട ഉടമസ്ഥനോ നോട്ടീസ് നൽകി തുക തിരികെ ഈടാക്കേണ്ടതാണ്. രസീതിൽ ഇപ്രകാരം കുറഞ്ഞ തുക ഈടാക്കിയതെന്തുകൊണ്ടെന്ന് ഭരണതലത്തിൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-16 മൊബൈൽ ടവറുകളുടെ നികുതി രേഖകളിൽ നിന്നും ഡിലീറ്റ് ചെയ്തു-ക്രമവിരുദ്ധം.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും നികുതി നിർണ്ണയിച്ച നമ്പരിട്ടു നൽകിയ 5 മൊബൈൽ ടവറുകൾ ഡിമാന്റ് രേഖകളിൽ നിന്നും ഡിലീറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | മൊബൈൽ ടവർ കമ്പനി | ഡിലീറ്റ് ചെയ്ത തീയതി/ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 09/307(B) കടിക | എസ്സാർ ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 20.09.2017 മേരിലത, സെക്രട്ടറി |
| 2 | 12/993 ഏനാത്ത് ടൗൺ | ഭാരതി എയർടെൽ ലിമിറ്റഡ് | 20.09.2017 മേരിലത, സെക്രട്ടറി |
| 3 | 12/994 ഏനാത്ത് ടൗൺ | ഭാരതി എയർടെൽ ലിമിറ്റഡ് | 20.09.2017 മേരിലത, സെക്രട്ടറി |
| 4 | 12/992 ഏനാത്ത് ടൗൺ | റിലയൻസ് ഇൻഫോ കോം | 20.09.2017 മേരിലത, സെക്രട്ടറി |
| 5 | 17/305 B കോട്ടമുകൾ | മാനേജർ, ഭാരതി ഇൻഫോടെൽ ലിമിറ്റഡ് | 16.03.2018 മേരിലത, സെക്രട്ടറി |

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിച്ച ഫയലുകളും ബന്ധപ്പെട്ട അസസ്സ്മെന്റ് രജിസ്റ്ററും ടി ടവറുകൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതുമായി ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിനു ഹാജരാക്കമെന്നാവശ്യപ്പെട്ടിട്ടും (നം: 12/2020-21; 15.09.2021) ഇവ ലഭ്യമാക്കിയില്ല. നിലവിൽ ഏനാത്ത് ടൗൺ,കടിക,കോട്ടമുകൾ എന്നിവിടങ്ങളിൽ ഈ ടവറുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല.

5 ടവറുകൾ രേഖകളിൽ നിന്നും ഡിലീറ്റ് ചെയ്തതു സംബന്ധിച്ച് ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ വകുപ്പുതലനടപടികൾക്കായി ശുപാർശ ചെയ്യുന്നു. ഈ ടവറുകളുടെ നികുതി എന്നു വരെ ഈടാക്കിയിട്ടുണ്ടെന്നു പരിശോധിക്കുന്നതിനും കുടിശ്ശിക തുക പലിശ സഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഈടാക്കുന്നതിനും ഭരണതലനടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

16 വാർഡുകളിൽ മൊബൈൽ ടവർ ഉണ്ടോയെന്നു പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളുടെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 4 വാർഡുകളിൽ മാത്രം 4 ടവറുകൾ (01-പുതുമല, 15-മാങ്കൂട്ടം, 17-കോട്ടമുകൾ, 20-ഏഴംകുളം ടൗൺ) ഉണ്ട്. എന്നാൽ മറ്റു 16 വാർഡുകളിൽ മൊബൈൽ ടവറുകൾ ഉള്ളതായി നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖയില്ല.. മറ്റു വാർഡുകളിൽ മൊബൈൽ ടവറുകൾ ഉണ്ടോയെന്ന് വാർഡ് മെമ്പർമ്മാരുടെ സഹകരണത്തോടെ പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത ടവറുകളുടെയും നികുതി നിർണ്ണയിച്ച് അസ്സസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. നിർണ്ണയിച്ച് ഈടാക്കിയ നികുതിയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം- ഇളവുകൾ നൽകിയതിൽ സുതാര്യതയില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള സപ്ലിമെന്ററി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 1.5 മീറ്ററിൽ താഴെയുള്ള റോഡിനു സമീപം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% നികുതി ഇളവു നൽകിയതായി കണ്ടു. ഹോസ്റ്റൽ, വാണിജ്യം,വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ വിഭാഗത്തിലാണ് അവ പ്രവർത്തിക്കുന്നത്. ഇത്തരം കെട്ടിടങ്ങൾ 1.5 മീറ്ററിൽ താഴെയുള്ള റോഡിനരികിൽ പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതാണ്. താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതിയിൽ ഇളവു നൽകി നിർണ്ണയിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:23/2020-21;22.09.2021) അധികൃതർ മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട നം | പേര്, വിലാസം | പ്ലിന്ത് ഏരിയ | നിർണ്ണയിച്ച വസ്തു നികുതി |
|---|---|---|---|---|
| 1 | 08/694, | ഗ്രേസിക്കുട്ടി ജി സാമുവൽ (വലിയവിള ഗ്രേസ് ഭവൻ, കൈതപ്പറമ്പ് പി ഒ, ഹോസ്റ്റൽ കെട്ടിടം | 188.74+218 =406.74 | 1994 (തൃതീയം 20%-1.5 M താഴെ റോഡ് 10%) |
| 2 | 04/525-528 | സജിജോർജ്ജ്(വലിയവിള പുത്തൻവീട്, ഏഴംകുളം, തേപ്പുപാറ പി ഒ, വാണിജ്യം | 12,20,20,50 | 420+700+700+1750 (തൃതീയം 20%-1.5M താഴെ റോഡ് 10%) |
| 3 | 05/802 | ഖദീജ ബീവി(കോട്ടകോയിക്കൽ വീട്, നെടുമൺ, നെടുമൺ പി ഒ,691556) | 213.74 | 4274.8-40% |

| | | | | |
|---|---|---|---|---|
| | | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | | (തൃതീയം 20%-1.5M താഴെ റോഡ് 10%-10% കുറഞ്ഞ തരം മേൽക്കൂര) =2565 |
| 4 | 07/655 | ബിജു മാത്യു ഈശോ(തേവാലേത്ത്,ഈട്ടിമൂട്,നെടുമൺ പി ഒ, 691556, വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 75.15 | 1503-40% =902 (തൃതീയം 20%-1.5M താഴെ റോഡ് 10%-10% കുറഞ്ഞ തരം മേൽക്കൂര) |
| | 07/656 | | 201.15 | 4025-40%=2414 |
| | 07/657 | | 76.65 | 1533-40%=920 |
| 5 | 08/643 | വി ഡി ശാമുവേൽവലിയവിള ഗ്രേസ് ഭവൻ,കടിക,കൈതപ്പറമ്പ് പി ഒ,691526 വാണിജ്യം | 60.2 | 3010-30%=2107 (തൃതീയം 20%-1.5M താഴെ റോഡ് 10% |
| | 08/644 | | 72.8 | 3640-30%=2548 |
| 6 | 09/707 | സാബു / മോനിക്കുട്ടി സാബു(തെങ്ങുവിള പുത്തൻവീട്,കടിക,കൈതപ്പറമ്പ് പി ഒ,691526 ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 120 | 6000-40%=3600 (തൃതീയം 20%-1.5M താഴെ റോഡ് 10%-10% കുറഞ്ഞ തരം മേൽക്കൂര) |
| 7 | 16/624 | യോഹന്നാൻ,കോച്ചുഉണില് ജോയ് വില്ല, അറുകാലിക്കൽ പടി.,വയല പറക്കോട് പി ഒ, 691554) പാർപ്പിടം | 65 | 455-20% = 364 (തൃതീയം 20%-1.5M താഴെ റോഡ് 10%) |
| | 16/625 | | 38 | 266+20% റോഡ്-10% ദ്വിതീയം=293 |
| | 16/266 | | 65 | 455+20% റോഡ്-10% ദ്വിതീയം=501 |
| 8 | 20/873 | അരുൺ കുമാർ, നാരായണ ഭവനം, പറക്കോട് പി ഒ, വാണിജ്യം | 50.96 | 50.96*70-10%=3211 (1.5M താഴെ റോഡ് 10%) |
| | 20/874 | | 85.09 | 85.09*70-10%=5361 |
| | 20/940 പാർപ്പിടം | | 156.41 | 156.41*7-10%=986 |
| 9 | 03/643 | ചെയർമാൻ, എസ്.എൻ.ഐ.ടി, ഏഴംകുളം,തേപ്പുപാറ പി ഒ, വിദ്യാഭ്യാസം | 2983.4 | 2983.4*8-30%=16708 (തൃതീയം 20%-1.5M താഴെ റോഡ് 10%) |

1) ക്രമ നം 1 പ്രകാരമുള്ള കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ നിന്നും കൈതപ്പറമ്പ് ജംഗ്ഷൻ തട്ടാരുപടി 4 M റോഡിൽ നിന്നും 3 M പ്രൈവറ്റ് റോഡിലൂടെയാണ് ടി കെട്ടിടത്തിലേക്കുള്ള പ്രവേശനം എന്നു കാണിച്ചിട്ടുണ്ട്.

2) ക്രമ നം 5 പ്രകാരമുള്ള ശ്രീ V D ശാമുവലിന്റെ 08/642 എന്ന കെട്ടിടം 187.65 M2 പ്ലിന്ത് ഏരിയ ഉള്ളതും പാർപ്പിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. 5 M ൽ കൂടുതലുള്ള കൈതപ്പറമ്പ് ചെളിക്കുഴി റോഡ് പ്രഥമം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ടി കെട്ടിടത്തെ നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതിനു അനുബന്ധമായുള്ള കെട്ടിടങ്ങളായ 08/643,08/644 എന്നീ കെട്ടിടങ്ങൾ ത്രിതീയം എന്നും 1.5 മീറ്ററിൽ താഴെയുള്ള റോഡ് എന്നും രേഖപ്പെടുത്തി 30% നികുതിയിളവ് നൽകി.

3) ക്രമ നം 7 പ്രകാരം നികുതി നിർണ്ണയിച്ച ശ്രീ യോഹന്നാന്റെ 16/623 എന്ന കെട്ടിടം പ്രഥമ മേഖലയിൽ നികുതി നിർണ്ണയിച്ചപ്പോൾ ഒന്നാം നില ദ്വിതീയ മേഖലയിലാണ് നിർണ്ണയിച്ചിട്ടുള്ളത്.റോഡ് 5 M ൽ കൂടുതലുള്ള തട്ടാ റോഡ് എന്നു രണ്ടു കെട്ടിടങ്ങൾക്കു നിർണ്ണയിച്ചപ്പോൾ 1.5M താഴെയുള്ള റോഡ് എന്ന നിലയിൽ മറ്റു കെട്ടിടഭാഗങ്ങളുടെ നികുതി നിർണ്ണയിച്ചു. മേൽ കെട്ടിടം വാണിജ്യ വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നു അധികൃതർ നേരിട്ടു പരിശോധന നടത്തേണ്ടതാണ്.

4) ക്രമ നം 8 പ്രകാരം ശ്രീ അരുൺ കുമാറിന്റെ കെട്ടിടം ഏഴംകുളം- ഏനാത്ത് റോഡിൽ പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്നെങ്കിലും ആയതിന്റെ വർദ്ധനവു വരുത്താതെ 1.5 M ൽ താഴെയുള്ള റോഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 10% നികുതിയിളവു വരുത്തി. 20/940 എന്ന കെട്ടിട നമ്പരിൽ ഒന്നാം നിലയിൽ പാർപ്പിടമായി നികുതി നിർണ്ണയിച്ച കെട്ടിടം വാണിജ്യ വിഭാഗമായി നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നു പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) ക്രമ നം 9 ആയി SNIT കോളേജിന്റെ 2983 M2 ഏരിയയുള്ള ഒരു കെട്ടിടം 1.5 മീറ്ററിൽ താഴെയുള്ള റോഡിനരികിൽ എന്ന രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിൽ 10% കുറവു വരുത്തി. മറ്റെല്ലാ കെട്ടിടങ്ങളും 1.5 മീറ്ററിൽ കൂടുതൽ എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകളിന്മേൽ ഭരണസമിതി അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കി

സഞ്ചയ സോഫ്റ്റ്‌വെയറും സോഫ്റ്റ്‌വെയർ മുഖേനയുള്ള രസീതുകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി ഈടാക്കിയതിൽ കുറവു വന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടു. നിലവിൽ ഈ കെട്ടിടങ്ങൾക്കു നികുതി കുടിശ്ശികയില്ലായെന്ന് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14/1028 എന്ന കെട്ടിടത്തിനു ചില സാമ്പത്തിക വർഷങ്ങളിലെ നികുതി ഈടാക്കിയിട്ടില്ല എന്നു രസീതു പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 08/235 എന്ന കെട്ടിടത്തിന്റെ നികുതി ഈടാക്കിയതിൽ കുറവുണ്ടെങ്കിൽ കുടിശ്ശികയില്ലാതെ മുഴുവൻ തുകയും അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്,കെട്ടിട വിവരം | നിർണ്ണയിച്ച നികുതി | ഈടാക്കിയ നികുതി, രസീത് വിവരങ്ങൾ | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | 08/235 കൈതപ്പറമ്പ് Building ID: 50418010003986 | തോമസ്സ് ഡാനിയേൽ ഡാൻസി ജോൺ (തെക്കേവിള പുത്തൻ വീട്,കൈതപ്പറമ്പ് പി ഒ,691526, 457.6M2 അസംബ്ലി കെട്ടിടം | 14644+ 733+ 5126 =20503 | 2018 First & Second- ₹26814 Rt: 118040107852/ 26.03.2019 | 0 | 0 |
| | | | | 2019 First & Second 0 | 20503 | 20503 |
| | | | | 2020 First & Second ₹3140 Rt:6041811000746/ 28.02.2021 (2020 Second Half -E Payment) | 20503 | 17363 |
| 2 | 14/1028, ഏനാത്ത് വടക്ക് Building ID: 50418010013190 | സന്തോഷ്(അറപ്പുരയിൽ വീട്,മണ്ണടി) 285.27M2 വാണിജ്യം | 26060+ 1303+ 9121 =36484 | ₹68917 Rt:118040107844/ 26.03.2019 2013 Second Half; 2014 First Half; 2014 Second Half; 2015 First Half; 2015 Second Half; 2016First Half | 36484x3 =109542 | 40535 (109542-68917) |
| | | | | 2016 Second Half-0 | 18242 | 18242 |
| | | | | 2017 First & Second-0 | 36484 | 36484 |
| | | | | 2018 First & Second-0 | 36484 | 36484 |
| | | | | 2019 First Half ₹18243 Rt: 119040102239/ 04.07.2019 2019 Second Half ₹18241 Rt: 52834/62; 05.03.2020 | 36484 | 0 |
| | | | | 2020 First Half | 36484 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ₹18243<br>Rt: 120040103338<br>/19.11.2020<br>2020 Second Half<br>₹18241<br>Rt: 7277/57<br>31.03.2021 | | |
| | ആകെ | | | | | 169611 |

മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകളിന്മേൽ അടിയന്തിരമായി മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/2020-21/15.09.2021) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. മേൽ വിവരിച്ച അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. മറ്റു കെട്ടിടങ്ങൾക്കും ഇതേ പോലെ മുൻ വർഷങ്ങളിലെ നികുതി കുടിശ്ശിക ഈടാക്കാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ തിരുത്തലുകൾ വരുത്തുന്നുണ്ടോയെന്ന വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വികരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-19 വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ കാരണം വരുമാന നഷ്ടം.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഏഴംകുളം ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് /(ച.മീ) ₹ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള-100 ച.മീ വരെ | 50 |
| 2 | വാണിജ്യാവശ്യത്തിനുള്ള-100 ന മുകളിൽ | 70 |
| 3 | വാണിജ്യാവശ്യത്തിനുള്ള-200 വരെ യുള്ള ഷോപ്പുകൾ | 60 |
| 4 | വാണിജ്യാവശ്യത്തിനുള്ള-200 മുകളിലുള്ള ഷോപ്പുകൾ | 80 |

| ക്രമ നം | ഉടമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | അബ്ദുൾ സലാം(പോളച്ചിറ പുത്തൻവീട്,ഏനാത്ത്, | 12/933 | 19.78 | 989+197.8 (20% Road) =1187 | 1385+277(20% Road) =1662 | 475 |
| | | 12/934 | 167.35 | 8367.5+1673.5 (20% Road) =10041 | 11714.5+2343(20% Road) =14058 | 4017 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | അബ്ദുൽ സലാം(സജീന മൻസിൽ-ഇജാസ് മൻസിൽ,ഏനാത്ത്, | 12/951 | 41.88 | 2094+418.8 (20% Road) =2513 | 2931.6+586.32 (20% Road) =3518 | 1005 |
| | | 12/952 | 31.65 | 1582.5+316.5 (20% Road) =1899 | 2215.5+443.1 (20% Road) =2659 | 760 |
| | | 12/953 | 32.14 | 1607+321.4(20% Road) =1929 | 2249.8+450(20% Road) =2700 | 771 |
| | | 12/954 | 23.76 | 1188+237.6(20% Road) =1426 | 1663.2+333(20% Road) =1996 | 570 |
| | | 12/956 | 36.3 | 1815+363( 20% Road) =2178 | 2541+508(20% Road) =3049 | 871 |
| 3 | മത്തായി ഡാനിയേൽ(മാളികയിൽ വീട്,ഏനാത്ത് ) | 12/1027 | 90 | 4500+900 (20% Road) =5400 | 6300+1260 (20% Road) =7560 | 2160 |
| | | 12/1028 | 40.69 | 2035+407 (20% Road) =2442 | 2848.3+570 (20% Road) =3418 | 976 |
| 4 | സഫിയബീവി(എസ്.കെ.മൻസിൽ,ഏനാത്ത്, | 14/982 | 33.6 | 1680+336 (20% Road) =2016 | 2352+ 470.4 (20% Road) =2823 | 807 |
| | | 14/983 | 48 | 2400+480 (20% Road) =2880 | 3360+672 (20% Road) =4032 | 1152 |
| | | 14/984 | 33.22 | 1661+ 333.2 (20% Road) =1994 | 2333+467 (20% Road) =2799 | 805 |
| | | 14/985 | 35.2 | 1760+353 (20% Road) =2113 | 2464+493 (20% Road) =2957 | 844 |
| | | 14/986 | 72 | 3600-180 (5% First Floor)+684 (20% Road) =4104 | 5040-252 (5% First Floor+957.6 (20% Road) =5746 | 1642 |
| | | 14/987 | 81.6 | 4080-204 (5% First Floor)+775.6 (20% Road) =4652 | 5712-286 (5% First Floor+1086 (20% Road) =6512 | 1860 |
| 5 | മാത്യൂ.കെ.സ്ളീബ (കലയരഴികത്ത്, കടിക, കൈതപ്പറമ്പ് പി ഒ,691526) | 14/1000 | 57.27 | 2863.5+572.7 (20% Road) =3437 | 4008.9+802(20% Road) =4811 | 1374 |
| | | 14/1001 | 57.27 | 2863.5+572.7 (20% Road) =3437 | 4008.9+802(20% Road) =4811 | 1374 |

| | | | | | | |
|---|---|---|---|---|---|---|
| 6 | കെ.ജെ.രവീന്ദ്രൻപിള്ള (കിഴക്കടത്ത് വീട്,കുളക്കട) | 14/1003 | 89.06 | 4453+891(20% Road) =5344 | 6234+1247(20% Road) =7481 | 2137 |
| | | 14/1005 | 89.06 | 4453+891(20% Road) =5344 | 6234+1247(20% Road) =7481 | 2137 |
| 7 | ഷാജഹാൻ(അത് അല്ല കോപ്ളക്സ്,ഏനാത്ത്, | 14/1041 | 40.47 | 2023.5+405(20% Road) =2429 | 2833+567(20% Road) =3400 | 971 |
| | | 14/1042 | 25 | 1250+250(20% Road) =1500 | 1750+350(20% Road) =2100 | 600 |
| | | 14/1043 | 41.47 | 2074+415(20% Road) =2489 | 2903+581(20% Road) =3484 | 995 |
| | | 14/1044 | 38.06 | 1903+381(20% Road) =2284 | 2664+533(20% Road) =3198 | 914 |
| | | 14/1045 | 30.93 | 1547+309(20% Road) =1856 | 2165+433(20% Road) =2599 | 743 |
| | | 14/1046 | 26.37 | 1319+264(20% Road) =1583 | 1846+369(20% Road) =2216 | 633 |
| 8 | കെ.ബി.ഹാഷിം(ഹന്നാ വില്ല, അറുകാലിക്കൽ പടിഞ്ഞാറ്, അടൂർ.പി.ഒ, (* ഒന്നാം നിലയിൽ 104.89 M2 ൽ വാണിജ്യ കെട്ടിടം പ്രവർത്തിക്കുന്നു) | 17/2A | 94.5 | 4725+945 (20% Road) = 5670 | 6615+1323 (20% Road) = 7938 | 2268 |
| 9 | ജസീല മുഹമ്മദ് ഭായി(അൽ അറഫ, അറുകാലിക്കൽ പടിഞ്ഞാറ്, അടൂർ പി ഒ) | 17/644 | 116.8 | 116.8*50=5840 | 116.8*70=8176 | 2336 |
| 10 | ബിനുതോമസ്(കോട്ടുമുകളിൽ വീട്, അറുകാലിക്കൽ പടിഞ്ഞാറ്, അടൂർ പി.ഒ | 17/742 | 43.51 | 2175.5- (10% ദ്വിതിയം =1958 | 3045.7-(10% ദ്വിതിയം =2742 | 784 |
| | | 17/743 | 43.51 | 2175.5- (10% ദ്വിതിയം =1958 | 3045.7-(10% ദ്വിതിയം =2742 | 784 |
| | | 17/744 | 43.51 | 2175.5- (10% ദ്വിതിയം =1958 | 3045.7-(10% ദ്വിതിയം =2742 | 784 |

താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിനു മുകളിൽ നിർമ്മിച്ച പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിനിയോഗം മാറ്റി വാണിജ്യ കെട്ടിടമായാണോ നിലവിൽ പ്രവർത്തിക്കുന്നതെന്നു പരിശോധിക്കേണ്ടതാണ്.

| ക്രമ നം | ഇനം | നിരക്ക് /(ച.മീ) ₹ |
|---|---|---|
| 1 | വാണിജ്യാവിശ്യത്തിനുള്ള-100 ച.മീ വരെ | 50 |
| 2 | വാണിജ്യാവിശ്യത്തിനുള്ള-100 നു മുകളിൽ | 70 |
| 3 | വാണിജ്യാവിശ്യത്തിനുള്ള-200 വരെ യുള്ള ഷോപ്പുകൾ | 60 |
| 4 | വാണിജ്യാവിശ്യത്തിനുള്ള-200 മുകളിലുള്ള ഷോപ്പുകൾ | 80 |

| ക്രമ നം | ഉടമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ |
|---|---|---|---|

| | | | (ച.മീ) |
|---|---|---|---|
| 1 | സാംകുട്ടി(കൃപാഭവനം,ഏനാത്ത് | 14/955 | 163.24 |
| | | 14/957 | 128.73 |
| 2 | മാത്യൂ.കെ.സ്ളീബ<br>(കലയരഴികത്ത്,കടിക,കൈതപ്പറമ്പ് പി ഒ,691526) | 14/1002 | 71.59 (രണ്ടാം നില) |
| 3 | കെ.ജെ.രവീന്ദ്രൻപിള്ള(കിഴക്കടത്ത് വീട്,കുളക്കട) | 14/1005 | 73.92 (രണ്ടാം നില) |
| 4 | ചന്ദ്രശേഖരപിള്ള(വാഴവിളയിൽ,ഇളംഗമംഗലം ഏനാത്ത് ) | 14/1143 | 59.81(രണ്ടാം നില) |
| | | 14/1144 | 53.83(രണ്ടാം നില) |
| | | 14/1145 | 57.05(രണ്ടാം നില) |
| | | 14/1146 | 41.61(രണ്ടാം നില) |
| 5 | മത്തായി ഡാനിയേൽ(മാളികയിൽ വീട്,ഏനാത്ത് ) | 12/1029 | 130.69 |

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ:32/2020-21/22.09.2021) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിന്മേൽ നികുതി പുനനിർണ്ണയിച്ച് തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-20 നിരവധി സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തില്ല; വരവ് നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ഫീസ് പിരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 426 സ്ഥാപനങ്ങളിൽനിന്നാണ് 2019-20 വർഷം ലൈസൻസ് ഫീസ് പിരിച്ചിട്ടുള്ളത്. എന്നാൽ 2020-21 വർഷം 300 സ്ഥാപനങ്ങളിൽനിന്നുമാത്രമാണ് ഫീസ് ഈടാക്കി ലൈസൻസ് നൽകിയത്. 2020 മാർച്ച് മാസത്തിലാണ് കോവിഡ് മൂലമുള്ള അടച്ചുപൂട്ടലും, കർശന നിയന്ത്രണങ്ങളും നിലവിൽ വന്നത്. ലൈസൻസ് ചട്ടപ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ഒരു മാസം മുമ്പ് അപേക്ഷ സ്വീകരിച്ച് ലൈസൻസ് ഇഷ്യൂ ചെയ്യേണ്ടതാണ്. വൈകി സമർപ്പിക്കുന്ന അപേക്ഷകൾക്ക് പിഴ ഈടാക്കണം. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ലൈസൻസിനുള്ള അപേക്ഷ പിഴ കൂടാതെ സമർപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും, ലൈസൻസ് ഫീസ് ഒടുക്കുന്നതിൽനിന്നും വ്യാപാര സ്ഥാപനങ്ങൾക്ക് ഇളവ് നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ 126 സ്ഥാപനങ്ങളെ ഡിമാന്റിൽനിന്നും ഒഴിവാക്കിയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 വാടക കുടിശ്ശിക ഈടാക്കാനുള്ളത് 413295 രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളത്. ഇതിൽ ഏഴംകുളത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 10 മുറികളും, ഏനാത്ത് 4 മുറികളും ഉൾപ്പടെ ആകെ 14 കടമുറികളാണ് ഉള്ളത്. ഇതിൽ 5 കടമുറികളാണ് രജിസ്റ്റർ പ്രകാരം ഓഡിറ്റ് കാലയളവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ 5 കടമുറികളും എനാത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികളും ഓഡിറ്റ് കാലയളവിൽ വാടകയ്ക്ക് നൽകിയിട്ടില്ല.2020-21-ലെ വാടക രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിട്ടുള്ള വ്യക്തികൾ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം. | മുറി നമ്പർ | വാടകക്കാരൻ | മാസ വാടക | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | I | ശ്രീ കെ. മുരളീധരൻ, വൈശാലി | 10535 | 126420 |
| 2 | II | ശ്രീ ഓമനക്കുട്ടൻ, ശ്രീശൈലം | 9146 | 100606 |
| 3 | | ശ്രീ സജീവ് റ്റി.സി., ശാന്തിഭവൻ, നെടുമൺ | 10419 | 41676 |
| 4 | | ശ്രീ മോഹന കുമാർ, മോഹന വിലാസം | 11603 | 139236 |
| 5 | | ശ്രീ ജലീൽ ഐ., മുകളുവിള പടിഞ്ഞാറ്റേതിൽ | 1216 | 6080 |
| | | ആകെ | | 414018 |

ടി കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഏനാത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ നാല് കടമുറികൾ ഉള്ളതിൽ 3 കടമുറികൾ സ്വയംസഹായ സംഘങ്ങളുടെ പേരിൽ ചില സ്വകാര്യ വ്യക്തികൾ ദീർഘകാലമായി അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. അവശേഷിച്ച ഒരു കടമുറി ഏനാത്ത് സർവ്വീസ് സഹകരണ ബാങ്കിന് നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായി ഓഡിറ്റിനെ അറിയിച്ചു. ഏനാത്ത് ജംഗ്ഷനിൽ സംസ്ഥാന പാതയ്ക്കരുകിൽ വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ ഷോപ്പിംഗ് കോംപ്ലക്സിൽനിന്നും നിലവിൽ പഞ്ചായത്തിന് വാടകയിനത്തിൽ യാതൊരു വരുമാനവും ലഭിക്കുന്നില്ല. ഇതുമൂലം ഗ്രാമപഞ്ചായത്തിന് വാടകയിനത്തിൽ വളരെയേറെ നഷ്ടമുണ്ടാകുന്നു. നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

വാടക പിരിക്കുന്നതിന് പഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ ഓഡിറ്റിനെ അറിയിച്ചെങ്കിലും, ബൈലോ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ബൈലോയുടെ അടിസ്ഥാനത്തിലല്ലാതെ വാടക

കരാർ ചമയ്ക്കുകയും, വാടക പിരിവ് നടത്തുകയും ചെയ്യുന്നത് ക്രമമല്ല. ബൈലോ അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും വാടക കുടിശികയിനത്തിൽ പിരിച്ചെടുക്കേണ്ട തുക പലിശസഹിതം ഈടാക്കേണ്ടതുമാണ്.

## 1-22 ഗ്രൗണ്ട് ഫ്ലോറിന്റെ ഭൂരിഭാഗവും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുമെന്ന കരാറിൽ വാണിജ്യ കെട്ടിടത്തിനെ ക്രമവൽക്കരിച്ചു നൽകി.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | അരുൺ.വി.ആർ, ഐശ്വര്യ,ഏനാത്ത് | 14/1183 | 97.83 | 2.02 ആർ | 8218 |
| | | 14/1184 | 97.84 (First Floor) | | 7809 |
| | | 14/1185 | 106.51 (Second Floor) | | 8053 |

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

| കെട്ടിടം | പ്ലിന്ത് ഏരിയ (M2) |
|---|---|
| ഗ്രൗണ്ട് ഫ്ലോർ (വാണിജ്യം) | 36.88 |
| ഗ്രൗണ്ട് ഫ്ലോർ (പാർക്കിംഗ്) | 60.95 |
| ഫസ്റ്റ് ഫ്ലോർ (വാണിജ്യം) | 97.84 |
| സെക്കണ്ട് ഫ്ലോർ (വാണിജ്യം) | 97.84 |
| സ്റ്റെയർ ക്യാബിൻ | 08.67 |
| ആകെ | 302.18 M2 |

ഏനാത്ത് ടൗണിൽ നിന്നും അടൂരിലേക്കുള്ള പഴയ MC റോഡിൽ പോലീസ് സ്റ്റേഷന് എതിർവശത്താണ് 3 നിലകളുള്ള ഈ വാണിജ്യ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 60.95$m^2$ ഏരിയയിലാണ് കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്. എന്നാൽ നേരിട്ടു നടത്തിയ പരിശോധനയിൽ ഈ ഭാഗം പാർക്കിംഗിനുപയോഗിക്കുന്നില്ലായെന്നും കെട്ടിടത്തിന്റെ മൂന്നു ഭാഗവും ഷട്ടറിട്ടതായും കണ്ടു. ഈ ഭാഗവും വാണിജ്യ വിഭാഗമായി ഉൾപ്പെടുത്തിയാണ് നമ്പരിട്ടു (14/1183) നൽകിയിട്ടുമുള്ളത്. ഇപ്രകാരം പാർക്കിംഗ് ഏരിയയ്ക്കു നമ്പരിട്ട് നൽകിയതിനാൽ കരാർ ചമച്ചവർ തന്നെ അതു ലംഘിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കാരണമായി.

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

ആകെ ഫ്ലോർ ഏരിയ-189.93 ച.മീ

189.93/75=3 കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമല്ല എന്നു കണ്ടു.

കെട്ടിടത്തിന്റെ ഇടതു വശത്തും വലതു വശത്തും KPBR ചട്ടങ്ങളെ അധികരിച്ച് നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെന്നും ആയത് പൊളിച്ചു കളഞ്ഞ ശേഷം ഫയൽ പരിഗണിക്കാമെന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ 12.02.2020 ൽ റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് കെട്ടിടം പാർക്കിംഗ്, ശുചീകരണ സംവിധാനങ്ങൾ, താഴെ പറയുന്ന തരത്തിലുള്ള തുറന്ന സ്ഥലം എന്നിവ കെട്ടിട നിർമ്മാണത്തിൽ പാലിക്കുന്നുവെന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ 02.03.2020 ൽ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് കെട്ടിടത്തിനു ഒക്യുപ്പൻസി നൽകാമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തു.

| ചട്ടം | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| മുൻ വശം | 3 | 3.12 |
| പിൻ വശം | 2 | 2.2 |
| സൈഡ് 1 | 1.2 | 1.27 |
| സൈഡ് 2 | 1 | 1.05 |

തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തുകയും ഷട്ടറിട്ട ഭാഗം വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുകയില്ലായെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി നൽകാമെന്ന് 10.06.2020 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചതിനെത്തുടർന്ന് 08.07.2020 ൽ കെട്ടിടത്തിനു നമ്പരിട്ടു നൽകി ക്രമവൽക്കരിച്ചു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇപ്രകാരം സത്യവാങ്മൂലം നൽകി കെട്ടിടത്തിനെ ക്രമവൽക്കരിച്ചു നൽകുവാൻ വ്യവസ്ഥ ചെയ്യുന്നില്ല. കെട്ടിടത്തിന്റെ താഴെത്തെ നിലയിൽ കാർ പാർക്കിംഗ് പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിൽ

അതിലേക്ക് പ്രവേശിക്കാൻ വഴി, കാറുകൾക്ക്/വാഹനങ്ങൾക്ക് പാർക്കിംഗ് ഏരിയയിൽ മതിയായി പ്രവേശിക്കാനുള്ള പാത എന്നിവ ഉണ്ടായിരിക്കണം. ഇതു പാർക്കിംഗ് പ്ലാനിൽ കാണിച്ചിരിക്കുകയും വേണം. എന്നാൽ ഇപ്രകാരമൊന്നുമില്ലാതെ കരാർ ഒപ്പിട്ട കെട്ടിടത്തെ ക്രമവൽക്കരിച്ചതിനു ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഉത്തരവാദികളാണ്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ:20/2020-21;22.09.2021) സെല്ലാർ ഫ്ലോറിൽ രണ്ടു കാറുകൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമാണെന്ന അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.എന്നാൽ പാർക്കിംഗ് പ്രായോഗികമല്ലാത്തതിനാലും ഈ ഭാഗം വാണിജ്യ വിഭാഗമായി ഷട്ടറിട്ടതിനാലും കെട്ടിട നമ്പർ നൽകിയതിനാലും മറുപടി അംഗീകരിക്കുന്നില്ല. ചട്ടം ലംഘിച്ച നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അളവിൽ നിന്നും 97.11 ചതുരശ്രമീറ്റർ കുറവായി നികുതി നിർണ്ണയം നടത്തി

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | ജിമ്മി ചാക്കോ, കളീലിൽ ജൂലിഭവനം, മൂങ്ങോട്ട്, | 17/748 | 187.93 ഓഫീസ് 50/ച.മീ | 08.52 ആർ | 8457 |
| | | 17/749 | 103.03 ആദ്യ നില ഓഫീസ് 50/ച.മീ | | 4896 |
| | ആകെ | | 291.23 | | |

കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിച്ചതായാണ് ഉടമസ്ഥനും ലൈസൻസ്ഡ് എഞ്ചിനീയറും ഗ്രാമപഞ്ചായത്തിനെ അറിയിച്ചത്.

| | പ്ലിന്ത് ഏരിയ- പ്ലാൻ പ്രകാരം | പ്ലിന്ത് ഏരിയ- നികുതി നിർണ്ണയിച്ചത് | കുറവ്/കൂടുതൽ |
|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 182.3 | 187.93 | +5.63 |
| ഫസ്റ്റ് ഫ്ലോർ | 200.44 | 103.03 | -97.41 |

കംപ്ലീഷൻ പ്ലാൻ പ്രകാരം തന്നെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും.എന്നാൽ സെക്ഷനിൽ നിന്നും നികുതി നിർണ്ണയത്തിൽ കുറവു വരുത്തിയതായി 24.05.2019ൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നോട്ടിനു സെക്രട്ടറി അംഗീകാരം നൽകിയിട്ടുമില്ല. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിൽ നിന്നും ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യ പ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല.

നികുതിയിൽ കുറവു വരുത്തി.

സെക്ഷൻ ക്ലാർക്ക് ആദ്യം രേഖപ്പെടുത്തിയ നോട്ട് പ്രകാരം നികുതി താഴെ പറയും പ്രകാരം നിർണ്ണയിച്ചിരുന്നു. പിന്നീട് തിരുത്തലുകൾ വരുത്തിയതായും നോട്ടിൽ കാണുന്നുണ്ട്.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | ആദ്യം നിർണ്ണയിച്ച നികുതി | തിരുത്തി നിർണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|
| 17/748 | 187.93 വാണിജ്യം | 10149 | 8457 | 13155-10% (ദ്വിതീയം) =11840 (@70/M2) |
| 17/749 | 103.03 ആദ്യ നില (ഓഫീസ്) | 15664 | 4896 | 200.44x50-10% (ദ്വിതീയം) =9020 |

പ്ലാൻ പ്രകാരം താഴത്തെ നില വാണിജ്യ വിഭാഗമായാണ് കാണിച്ചിട്ടുള്ളത് (70/ച.മീ) ഒന്നാം നില ഓഫീസ് ഉപയോഗത്തിനും. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ രണ്ടു നിലകളും ഓഫീസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി (50/ച.മീ) നികുതിയിൽ കുറവു വരുത്തിയതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒന്നാം നില വാണിജ്യമായാണോ നിലവിൽ പ്രവർത്തിക്കുന്നതെന്നു പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിലവിൽ ഷട്ടറിട്ടു പ്രവർത്തിക്കുന്ന ഒന്നാം നിലയിൽ

ന്യൂട്രീഷൻ സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. KP റോഡിൽ നിന്നും കോട്ടമുകൾ- പരുത്തിപ്പാറ ഗ്രാമപഞ്ചായത്ത് റോഡിനരികിലുള്ള ഈ കെട്ടിടം ദ്വിതീയ വിഭാഗത്തിലാണോ ഉൾപ്പെട്ടിട്ടുള്ളതെന്നും പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്ലോട്ടിൽ പാർക്കിംഗ് സ്ഥലം ഇല്ലാതെ വാണിജ്യ കെട്ടിടം നിർമ്മിച്ചത് നിയമപരമല്ലാതെ ക്രമവൽക്കരിച്ച നൽകി.

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

ആകെ ഫ്ലോർ ഏരിയ-306.19 ച.മീ

306.19/75=5 കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്ക ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമല്ല എന്ന കണ്ടു. പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇടതു വശത്തായി 9.6M വീതിയിൽ തുറസ്സായ സ്ഥലം കാണിച്ചിട്ടുള്ളതും ഇവിടെ കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ ഭാഗം മതിൽ കെട്ടിതിരിച്ചിരിക്കുകയാണ്.

നിർമ്മിച്ച കെട്ടിടത്തിന് പാർക്കിംഗ് ഉണ്ടെന്നും , മറ്റു കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർമ്മാണത്തിൽ പാലിക്കുന്നു എന്നുമുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയറുടെ 15.05.2019 ലെ റിപ്പോർട്ടിനെത്തുടർന്നാണ് കെട്ടിടത്തിനെ ക്രമവൽക്കരിച്ചത്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 21/2020-21;22.09.2021) കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചതിനു ശേഷമാണ് ഉടമസ്ഥൻ പാർക്കിംഗ് സ്ഥലം അനധികൃതമായി മതിൽ കെട്ടി തിരിച്ചതെന്നു അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ ഗ്രാമപഞ്ചായത്താണ് സ്വീകരിക്കേണ്ടതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ചട്ടം ലംഘിച്ച നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-24 ഗോഡൗണിന്റെ പകുതി ഭാഗം മാത്രം ക്രമവൽക്കരിച്ചതിൽ സുതാര്യതയില്ല.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/ കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ |
|---|---|---|---|---|
| 1 | എ.കെ .മുരളീധരൻ പിള്ള /ദേവിക ആതിര, താഴത്തുവടക്ക്(പി.ഒ) ഏനാത്ത് | 14/1190 | 510.41 | 39302 |

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

| കെട്ടിടം | പ്ലിന്ത് ഏരിയ (M2) | സർവ്വെ നമ്പർ | ഏരിയ Are |
|---|---|---|---|
| ടൈൽ ഗോഡൗൺ | 510.41 | 360/6 | 3.77 |
| | | 360/7 | 9.25 |
| | | 360/1-2-1 | 4.05 |
| ആകെ | 510.41 | | 17.07 ആർ |

അടൂർ- ഏനാത്ത് M C റോഡിനോടു ചേർന്നുള്ള ദേവീ ഗ്രാനൈറ്റ്സിൽ ടൈൽ ഗോഡൗഡാണ് ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത്. സർവ്വെ നമ്പർ 360/7 ൽ ഉൾപ്പെട്ട 374.22 $M^2$ കെട്ടിടത്തിനാണ് അപേക്ഷകൻ പ്ലാനും അപേക്ഷയും സമർപ്പിച്ചത്. എന്നാൽ പിന്നീട് മറ്റൊരു പ്ലാൻ ഹാജരാക്കുകയും മേൽ പറഞ്ഞ അളവിലുള്ള കെട്ടിടം ക്രമവൽക്കരിക്കുകയും ചെയ്തു. എന്നാൽ അപ്പന്റിക്സ് -A1 പ്രകാരമുള്ള അപേക്ഷ പുതിയ പ്ലാനിനോടൊപ്പം ഹാജരാക്കിയിരുന്നില്ല.

15.12.2020 ൽ KPBR ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണങ്ങൾ പൊളിച്ചുകളയണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉടമസ്ഥനു നൽകിയിരുന്നു.(ഇ1-7418/2020). ഗോഡൗണിന്റെ ഭാഗം അയൽ വസ്തുവിൽ കയറിക്കിടക്കുകയാണെന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റിയെന്ന അപേക്ഷകന്റെ 24.12.2020 ലെ കത്തിനെത്തുടർന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ സൈറ്റ് പരിശോധന നടത്തിയശേഷം ഗോഡൗണിന്റെ സൈഡ് യാർഡിനു 2M തുറസ്സായ സ്ഥലം ഉണ്ടെന്നു റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തോടു ചേർന്ന് ശ്രീ ജോസ് വർഗീസ് എന്ന വ്യക്തിയുടെ സ്ഥലത്ത് അനധികൃത നിർമ്മാണം ഉള്ളതായും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൈഡ് യാർഡ് ഉണ്ട് എന്നും കെട്ടിടത്തിന്റെ വലതുവശത്ത് ഷെഡ് അതിർ പറമ്പിൽ കൂടി നിർമ്മിച്ചിട്ടുണ്ടെന്നുമുള്ള രണ്ട് റിപ്പോർട്ട് നൽകിയതിന് ഓവർസിയർ വിശദീകരണം നൽകേണ്ടതാണ്.റവന്യൂ അധികാരികളുടെ ഭൂമി തരം മാറ്റലിന് അംഗീകാരം ലഭിച്ച (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടത് സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം എന്നാക്കി മാറ്റിയ) സ്ഥലത്തു നിർമ്മിച്ച കെട്ടിടത്തിനു മാത്രം ക്രമവൽക്കരണം നടത്താൻ അസിസ്റ്റന്റ് എഞ്ചിനീയർ 28.01.2021 ൽ ശുപാർശ ചെയ്തതിനെത്തുടർന്നു കെട്ടിടം 24.02.2021ൽ ക്രമവൽക്കരിച്ചു.

അയൽ പക്കത്തുള്ള ശ്രീ ജോസ് വർഗീസ് എന്ന വ്യക്തിയ്ക്ക് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നു. ടി സ്ഥലം ഡേറ്റാബാങ്കിൽ ഉൾപ്പെട്ടത് (ബ്ലോക്ക് 18,സർവ്വെ നം:360/1)സ്വഭാവ വ്യതിയാനം വന്ന ഭൂമിയാക്കി മാറ്റാൻ അടൂർ RDO യ്ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും 10 വർഷം മുമ്പ് നിർമ്മിച്ച ഷെഡ് RDO യിൽ നിന്നും അംഗീകാരം ലഭിക്കാത്തപക്ഷം പൊളിച്ചു മാറ്റുമെന്നും അറിയിച്ചു. നിലവിൽ ഗോഡൗൺ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

അടൂർ RDO യുടെ 11.12.2019 ലെ B4-1751/2019(109) നടപടിക്രമം പ്രകാരം ദേവി ടൈൽസ് & ഗ്രാനൈറ്റ്സ് എന്ന സ്ഥാപനം സർവ്വെ നമ്പർ 360/5-1 ൽ പ്രവർത്തിക്കുന്നുണ്ട് (ഏരിയ 06.62 ആർ).

ഈ സ്ഥലത്ത് 603.42ച.മീ ഏരിയയിൽ ഓഫീസ് കെട്ടിടവും വാണിജ്യ കെട്ടിടവും പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരം ടിയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ഈ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗോഡൗണിന്റെ പകുതി ഭാഗം മാത്രം ക്രമവൽക്കരിച്ചതിനു സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 28/2020-21; 22.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ ഉടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-25 ഗ്രൗണ്ട് ഫ്ലോറിന്റെ ഭൂരിഭാഗവും പാർക്കിംഗ് സ്ഥലമായി ഉപയോഗിക്കുമെന്ന കരാറിൽ മൂന്നു നില വാണിജ്യ കെട്ടിടത്തിനെ ക്രമവൽക്കരിച്ചു നൽകി.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | ജോയ്.കെ,വല്യവിളയിൽ വീട്,അറുകാലിക്കൽ പടിഞ്ഞാറ്,അടൂർ.പി.ഒ, | 17/794 | 104.11 | | 8746 |
| | | 17/795 | 321.48 | | 25655 |
| | | 17/796 | 321.48 | | 24305 |

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

| കെട്ടിടം | പ്ലിന്ത് ഏരിയ (M2) |
|---|---|
| ഗ്രൗണ്ട് ഫ്ലോർ (വാണിജ്യം) | 86.96 |
| ഗ്രൗണ്ട് ഫ്ലോർ (പാർക്കിംഗ്) | 196.69 |
| ഫസ്റ്റ് ഫ്ലോർ (വാണിജ്യം) | 304.32 |
| സെക്കണ്ട് ഫ്ലോർ (വാണിജ്യം) | 304.32 |
| സ്റ്റെയർ ക്യാബിൻ | 45.24 |
| ആകെ | 937.53 $M^2$ |

കായംകുളം പുനലൂർ സംസ്ഥാന പാതയോടു ചേർന്ന് കോട്ടമുകൾ ജംഗ്ഷനും പറക്കോട് ജംഗ്ഷനുമിടയിലാണ് 3 നിലകളുള്ള ഈ വാണിജ്യ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്. ഇതിലേക്ക് കാറുകൾക്ക് കയറുവാൻ റാമ്പ് നിർമ്മിച്ചിട്ടുണ്ടെന്ന് പ്ലാനിലും കാണിച്ചിട്ടുണ്ട്. എന്നാൽ നേരിട്ടു നടത്തിയ പരിശോധനയിൽ ഈ ഭാഗം പാർക്കിംഗിനുപയോഗിക്കുന്നില്ലായെന്നും വാഹനങ്ങൾക്ക് കയറാനാവശ്യമായ വഴി (Access) ലഭ്യമല്ലായെന്നും കണ്ടു. മാത്രമല്ല കെട്ടിടത്തിന്റെ ഈ ഭാഗം ഷട്ടറിട്ടതായും കണ്ടു.വാണിജ്യ ആവശ്യങ്ങൾക്കുപയോഗിക്കുന്നതരത്തിലാണ് പാർക്കിംഗ് ഏരിയയുടെ ഭാഗം എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

ആകെ ഫ്ലോർ ഏരിയ-730.36 ച.മീ

730.06/75=10 കാർ പാർക്കിംഗ്

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്കു ചെയ്യുന്നതിനുള്ള സ്ഥലം ലഭ്യമല്ല.

കെട്ടിടത്തിനകത്തു കാർ പാർക്കിംഗ് സാധിക്കുകയില്ലായെന്നും കെട്ടിടത്തിലേക്ക് വാഹനങ്ങൾക്കു കയറാൻ റാമ്പ് നിർമ്മിച്ചിട്ടില്ലായെന്നും പാർക്കിംഗ് ഏരിയയും ഷോപ്പും തമ്മിൽ വേർതിരിക്കുന്ന ഭിത്തി നിർമ്മിച്ചിട്ടില്ലായെന്നും ഗ്രാമപഞ്ചായത്തിലെ തേർഡ് ഗ്രേഡ് ഓവർസിയർ 03.11.2020 ൽ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ അപാകതകൾ പരിഹരിച്ചുവെന്നും ഒക്യുപ്പൻസി നൽകാമെന്നും കെട്ടിട നിർമ്മാണം KPBR പാലിക്കുന്നുവെന്നും ഇതേ ഉദ്യോഗസ്ഥൻ തീയതിയോ പേരോ രേഖപ്പെടുത്താതെ പിന്നീട് നോട്ട് ഫയലിൽ രേഖപ്പെടുത്തി. ഈ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിനുള്ള തുറന്ന സ്ഥലം താഴെ പറയും പ്രകാരമാണ്.

| ചട്ടം | വേണ്ട അളവ് (M) | സൈറ്റിൽ ലഭ്യമായ അളവ് (M) |
|---|---|---|
| മുൻ വശം | 3.5 | 5 |
| പിൻ വശം | 2.5 | 4.3 |
| സൈഡ് 1 | 1.7 | 3 |
| സൈഡ് 2 | 1.5 | 1.5 |

കെട്ടിടത്തിന് ആവശ്യമായ ലോഡിംഗ്/അൺ ലോഡിംഗ് ഏരിയ-30M2, ടൂ വീലർ പാർക്കിംഗ്-30M2 എന്നിവ മുൻ വശത്തും സൈഡ് യാർഡിലും ഉണ്ട് എന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തു. കാർപാർക്കിംഗിലേക്കുള്ള വഴിയിലാണ് ടൂ വീലർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്.

കെട്ടിടത്തിനു വേണ്ട തുറന്ന സ്ഥലത്താണ് (Open Space) ലോഡിംഗ്/അൺ ലോഡിംഗ് ഏരിയയും കാണിച്ചിട്ടുള്ളത്. ഇത് നിയമപ്രകാരമല്ല.

തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി. ഷട്ടറിട്ട ഭാഗം വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുകയില്ലായെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി നൽകാമെന്ന് 03.03.2021 ൽ പേര് നോട്ട് ഫയലിൽ രേഖപ്പെടുത്താത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. തുടർന്ന് 04.03.2021 ൽ കെട്ടിടത്തിനു നമ്പരിട്ടു നൽകി ക്രമവൽക്കരിച്ചു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇപ്രകാരം സത്യവാങ്മൂലം നൽകി കെട്ടിടത്തിനെ ക്രമവൽക്കരിച്ചു നൽകുവാൻ വ്യവസ്ഥ ചെയ്യുന്നില്ല. കെട്ടിടത്തിന്റെ താഴെത്തെ നിലയിൽ കാർ പാർക്കിംഗ് പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിൽ അതിലേക്ക് പ്രവേശിക്കാൻ വഴി, കാറുകൾക്ക്/വാഹനങ്ങൾക്ക് പാർക്കിംഗ് ഏരിയയിൽ മതിയായി പ്രവേശിക്കാനുള്ള പാത എന്നിവ ഉണ്ടായിരിക്കണം. ഇതു പാർക്കിംഗ് പ്ലാനിൽ കാണിച്ചിരിക്കുകയും വേണം. എന്നാൽ ഇപ്രകാരമൊന്നുമില്ലാതെ കരാർ ഒപ്പിട്ടു കെട്ടിടത്തെ ക്രമവൽക്കരിച്ചതിനു ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും വിശദീകരണം നൽകേണ്ടതാണ്.

<u>നിർമ്മിച്ച കെട്ടിടത്തിനു PWD അധികൃതരിൽ നിന്നുള്ള (N.O.C)എതിർപ്പില്ലാ രേഖയില്ല.</u>

PWD റോഡിന്റെ (KP റോഡ്) നിലവിൽ കാണാവുന്ന അതിരിൽ നിന്നും 3M മാറിയാണ് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വച്ചിട്ടുള്ളത്. എന്നാൽ PWD റോഡിനരികിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുമ്പോൾ റോഡിന്റെ അതിരു നിർണ്ണയിച്ചുകൊണ്ട് PWD അധികൃതരുടെ സമ്മത പത്രം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ തേടിയിട്ടില്ല. KPBR-2011 റൂൾ 11-3A പ്രകാരം മറ്റു വകുപ്പുകളിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമുള്ളയിടത്ത് ആയത് ലഭ്യമാക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്.(G.O(P):81/2017/Lsgd;31.10.2017).എന്നാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ PWD അധികൃതരിൽ നിന്നും എതിർപ്പില്ലാരേഖ വാങ്ങണമെന്ന വ്യവസ്ഥയില്ലായെന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയത്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ മറുപടി അംഗീകരിക്കാനാവില്ല.PWD റോഡുകളുടെ അതിർത്തി നിർണ്ണയിക്കേണ്ടത് PWD അധികൃതരാണ്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 22/2020-21;22.09.2021) കെട്ടിടത്തിന്റെ പാർക്കിംഗ് ഭാഗത്തേക്കു കയറുന്ന റാമ്പ്,പാർക്കിംഗ് ഭാഗം വേർതിരിക്കുന്ന ഗ്രൗണ്ട് ഫ്ലോറിലെ ഇടഭിത്തി എന്നിവ പൊളിച്ചുകളഞ്ഞത് പുനസ്ഥാപിക്കുന്നതിന് നോട്ടീസ് നൽകാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ചട്ടം ലംഘിച്ചു നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## <u>1-26 ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച ബഹുനില വാണിജ്യ കെട്ടിടത്തിന്റെ 70% ക്രമവൽക്കരിച്ചു.</u>

മൂന്നു നിലകളിലായി 751.19$m^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് ആദ്യം ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിരുന്നത് (E1-6781/18, 26.10.2018). കെട്ടിടത്തിന്റെ നിർമ്മാണം പെർമിറ്റിനേക്കാൾ കൂടുതലാകുന്നുവെന്നും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

2018-19 ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റിയർ യാർഡിലേക്ക് 1.2 M അധികരിച്ചാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

2.പാർക്കിംഗിനുള്ള സ്ഥലം സൈറ്റിൽ ലഭ്യമല്ല.

3.ഏഴംകുളം ഏനാത്ത് റോഡിന്റെ ബൗണ്ടറി പ്ലാനിൽ കാണിച്ചിട്ടില്ല. ആയതിനാൽ 3M സെറ്റ് ബാക്ക് ഉറപ്പുവരുത്താനാവുന്നില്ല.

തുടർന്ന് എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് പരിശോധന നടത്തിയതിനെത്തുടർന്ന് 12 അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ 31.01.2020 ൽ റിപ്പോർട്ട് ചെയ്തു. റിപ്പോർട്ട് ചെയ്ത പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്ലാനിൽ FSI, കവറേജ് രേഖപ്പെടുത്തിയിട്ടില്ല.

2) റൂൾ -28- പ്ലാനിൽ Access (പ്രവേശന മാർഗ്ഗം) കാണിച്ചിട്ടില്ല

3) റൂൾ 29- ലോഡിംഗ് & അൺ ലോഡിംഗ് ഏരിയ കാണിച്ചിട്ടില്ല.

4) റൂൾ 29(4)- പാർക്കിംഗ് & ഡ്രൈവ് എവേ പാത്ത് കാണിച്ചിട്ടില്ല.

5) റൂൾ 29(5)- ടൂ വീലർ പാർക്കിംഗ്

6) റൂൾ 76- റെയിൻ വാട്ടർ സ്റ്റോറേജ്

7)റൂൾ 77 സോളാർ എനർജി സജ്ജീകരണങ്ങൾ

8) റൂൾ 79- ഖരമാലിന്യ നിർമ്മാർജ്ജനം

റിവൈസ്ഡ് പെർമിറ്റ് നൽകുന്നതിനു മുമ്പു തന്നെ 957.10 M2 കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി 26.03.2020 ൽ സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിച്ചതായി ഉടമസ്ഥൻ 27.05.2020 ൽ അറിയിപ്പു നൽകിയതിനെത്തുടർന്ന് ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറുകയും സൈറ്റ് പരിശോധനയിൽ പാർക്കിംഗ് പ്ലാൻ പാലിക്കുന്നി ല്ലായെന്നു റിപ്പോർട്ട് ചെയ്യുകയും ചെയ്തു.KPBR 2019, റൂൾ 29(4),

42 എന്നിവ പാലിക്കുന്നില്ലായെന്നും A.E റിപ്പോർട്ട് ചെയ്തു. കെട്ടിട നിർമ്മാണം ചട്ടങ്ങൾ പാലിക്കുന്നില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 03.09.2020 ൽ വീണ്ടും റിപ്പോർട്ട് ചെയ്തു.

എന്നാൽ 13.10.2020 ൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ സൈറ്റ് പരിശോധിച്ചശേഷം കെട്ടിടം KMBR-2019 പാലിക്കുന്നുണ്ടെന്ന റിപ്പോർട്ട് ചെയ്തു. പാർക്കിംഗിനുള്ള അളവുകൾ KPBR-2019 പ്രകാരമാണ് കണക്കിലെടു ത്തിട്ടുള്ളത്. ഇത് അംഗീകരിക്കാനാവില്ല. കെട്ടിടത്തിനു പെർമിറ്റ് നൽകിയത് KPBR-2011 ലെ റൂൾ പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങളാണ് കംപ്ലീഷൻ പ്ലാനിലും പരിഗണിക്കേണ്ടത്.

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സൈറ്റിലില്ല.

KPBR പാർക്കിംഗ് ചട്ടങ്ങൾ പ്രകാരം താഴെ പറയുന്ന ഏരിയ കാർ പാർക്കിംഗിനായി വേണ്ടതാണ്.

ഫ്ലോർ ഏരിയ (വാണിജ്യം)- 600.80M2/75=8 കാറുകൾ

ഫ്ലോർ ഏരിയ (റസിഡൻഷ്യൽ)- യൂണിറ്റ്-1 – 148M2

ഫ്ലോർ ഏരിയ (റസിഡൻഷ്യൽ)- യൂണിറ്റ്-2 – 153M2

ചട്ടം-38(2)

ഗ്രൂപ്പ് - A1 (അപ്പാർട്ട്മെന്റ്/ഫ്ലാറ്റ്) - Table 4A

[G.O(MS)No.10/2014/LSGD, Dtd. 10.01.2014 പ്രകാരം ഉൾപ്പെടുത്തിയത്]

| ഒരു വാസഗൃഹ യൂണിറ്റിന്റെ കാർപ്പറ്റ് ഏരിയ | വേണ്ട പാർക്കിംഗ് |
|---|---|
| $60m^2$ വരെ | ഓരോ 3 യൂണിറ്റുകൾക്കും -1 |
| $60m^2$-$150m^2$ | ഓരോ യൂണിറ്റിനും-1 |
| $150m^2$-$250m^2$ | ഓരോ യൂണിറ്റിനും-1.5 |
| >$250m^2$ | ഓരോ യൂണിറ്റിനും-2 |

ഇപ്രകാരം 3 കാർ പാർക്കിംഗിനുള്ള സ്ഥലം റസിഡൻഷ്യൽ ഏരിയയ്ക്കു മാത്രമായി ഉണ്ടാകേണ്ടതാണ്.

ആകെ 11 (8+3) കാറുകൾക്കുള്ള സ്ഥലം പ്രസ്തുത ബഹുനില കെട്ടിടത്തിനു വേണമെന്നിരിക്കെ 9 കാറുകൾക്കുള്ള സ്ഥലം പാർക്കിംഗ് പ്ലാനിൽ കാണിച്ചിട്ടുണ്ട്. ഇതിൽ രണ്ടു കാറുകൾക്കുള്ള സ്ഥലം കെട്ടിടത്തിന്റെ പിൻ ഭാഗത്താണ് കാണിച്ചിട്ടുള്ളത്.ഈ ഭാഗത്തേക്ക് പ്രവേശിക്കാൻ കഴിയുകയില്ല എന്ന് സൈറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.കെട്ടിടത്തിന്റെ വലതുവശത്ത് പാർക്കിംഗ് കാണിച്ചിരിക്കുന്ന സ്ഥലത്ത് കിണർ നിർമ്മിച്ചിട്ടുണ്ട്. 5 കാറുകൾക്കുള്ള സ്ഥലം മുൻ വശത്തെ തുറന്ന സ്ഥലത്തു കാണിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. ചട്ടം 38(7).ഇപ്രകാരം പാർക്കിംഗ് പ്ലാൻ നിർമ്മാണവുമായി ബന്ധമില്ലായെന്നു വ്യക്തമാണ്. എന്നിട്ടും പാർക്കിംഗ് പ്ലാൻ KPBR പാലിക്കുന്നു എന്ന റിപ്പോർട്ട് ചെയ്ത ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്.

കെട്ടിടത്തിന്റെ പിൻവശത്തിനു 1.5Mവേണമെന്നിരിക്കെ, 4.5M തുറന്ന സ്ഥലം കെട്ടിടത്തിന്റെ പിൻ വശത്തു തുറസ്സായി ഉണ്ടെന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ 17.12.2020 ൽ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ എല്ലാ ഭാഗത്തും ഇപ്രകാരം തുറന്ന സ്ഥലം ലഭിക്കുന്നില്ല. 1M ൽ താഴെ മാത്രമാണ് പിൻ ഭാഗത്ത് ഭൂരിഭാഗമിടത്തും തുറന്ന സ്ഥലം (Open Space) ലഭ്യമാകുന്നത്.

എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിനെത്തുടർന്ന് പൂർത്തീകരിച്ച കെട്ടിടത്തിനു രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് റിവൈസ്ഡ് പെർമിറ്റ് നൽകി.(E1-71/2020;17.11.2020)

തുടർന്ന് 12.02.2021 ൽ കെട്ടിടത്തിനെ താഴെ പറയുന്ന നമ്പരുകൾ നൽകി ക്രമവൽക്കരിച്ചു.

| ക്രമ നം | ഉടമസ്ഥന്റെ വിലാസം/കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | പ്ലോട്ട് ഏരിയ | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ |
|---|---|---|---|---|---|
| 1 | അനീഷ്.ആർ,<br>മറുതാവിളയിൽ,അറുകാലിക്കൽ കിഴക്ക്,ഏഴംകുളം,നെടുമൺ പി ഒ,691556 | 15/686 | 105.9<br>ഒന്നാം നില, വാണിജ്യം | 7.35 | 8452 @70/ ച.മീ |
| 2 | രണ്ടാം നില-പാർപ്പിടം | 15/687 | 160.94 | | 1352 @7/ച.മീ |
| 3 | രണ്ടാം നില-പാർപ്പിടം | 15/688 | 166.77 | | 1401 @7/ച.മീ |
| 4 | താഴത്തെ നില- വാണിജ്യം | 15/689 | 79.39 | | 4764 @50/ ച.മീ |
| 5 | താഴത്തെ നില- വാണിജ്യം | 15/690 | 60.05 | | 3603 @50/ ച.മീ |

| | | | | | |
|---|---|---|---|---|---|
| 6 | താഴത്തെ നില- വാണിജ്യം | 15/691 | 35.13 | | 2108 @50/ ച.മീ |
| 7 | താഴത്തെ നില- വാണിജ്യം | 15/692 | 60.6 | | 3636 @50/ ച.മീ |
| | ആകെ | | 668.78 | | |

ക്രമ നം 4 മുതൽ 7 വരെയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി നിരക്ക് 70 രൂപ നൽകുന്നതിനു പകരം 50 രൂപ മാത്രമായി നൽകിയതുമൂലം നിർണ്ണയിച്ച നികുതിയിലും ഗ്രാമപഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകിയതിനു ബന്ധപ്പെട്ട സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ: 27/2020-21; 22.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം ലംഘിച്ച നിർമ്മിച്ച കെട്ടിടത്തിനെ ക്രമവൽക്കരിച്ചതു സംബന്ധിച്ച് വകുപ്പുതലത്തിൽ തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-27 ജന്റർ റിസോഴ്സ് സെന്റർ - നിർമ്മാണവും പ്രവർത്തനവും

ജെന്റർ റിസോഴ്സ് സെന്ററിനായി ജെന്റർ കോർണർ നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതിയുടെ (പ്രോ.നം.264/21, സ്പിൽ ഓവർ) ഭാഗമായി ARTCO സമർപ്പിച്ച ക്വട്ടേഷനിൽ പരാമർശിക്കുന്ന സ്പെസിഫിക്കേഷനോട് കൂടി നിർമ്മാണം നടത്തുന്നതിന് 30.12.2019-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ARTCO-യുടെ ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുടർന്ന് നിർമ്മാണം പൂർത്തീകരിച്ചതായി ARTCO അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 13.01.2020-ലെ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 49,973 രൂപ (ബിൽ നം. 04/06.03.21) വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ARTCO-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ARTCO സമർപ്പിച്ച സ്പെസിഫിക്കേഷനിലും അളവിലുമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്ന് എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്താതെയാണ് സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി ഉറപ്പുവരുത്താതെ തുക അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/20-21/18.09.21) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നോഡൽ ഏജൻസികളായും അക്രഡിറ്റഡ് ഏജൻസികളായും സർക്കാർ നിശ്ചയിട്ടിട്ടുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന് ശേഷം മാത്രം പ്രതിഫലം അനുവദിച്ച് നൽകേണ്ടതുമാണ്.

ജെന്റർ റിസോഴ്സ് സെന്ററിന്റെ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അധ്യക്ഷനായും അസി.സെക്രട്ടറി കൺവീനറായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സി.ഡി.എസ്. ചെയർപേഴ്സൺ, രണ്ട് വനിതാ മെമ്പർമാർ, സന്നദ്ധ പ്രവർത്തകരായ വനിതകൾ, വിദഗ്ധർ എന്നിവർ അടങ്ങുന്ന 15 അംഗ ജെന്റർ റിസോഴ്സ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഇത്തരത്തിൽ ജെന്റർ റിസോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ജെന്റർ റിസോഴ്സ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി ജന്റർ റിസോഴ്സ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

## 1-28 അഗതിരഹിത കേരളം പദ്ധതി - പ്ലാൻ ഫണ്ട് ചെലഴിച്ചില്ല

അഗതിരഹിത കേരളം പദ്ധതിയുടെ നടത്തിപ്പിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ താഴെപ്പറയുന്ന തുകകൾ സി.ഡി.എസ്-ന്റെ പ്ലാൻ ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവിന്റെ വിവരം |
|---|---|---|
| 1 | ആശ്രയ പദ്ധതി, SO 06/20<br>അടങ്കൽ-1,00,000 (വികസന ഫണ്ട്-പൊതു വിഭാഗം) | 1,00,000-ബിൽ നം. 01/19-20/22.05.19 |
| 2 | ആശ്രയ പദ്ധതി, SO 07/20<br>അടങ്കൽ-200,000 (വികസന ഫണ്ട്-SCP) | 2,00,000-ബിൽ നം. 02/19-20/22.05.19 |
| 3 | ആശ്രയ പദ്ധതി, SO 15/21<br>അടങ്കൽ-200,000 (വികസന ഫണ്ട്-പൊതു വിഭാഗം) | 2,00,000-ബിൽ നം. 10/20-21/21.10.20 |

ആശ്രയ പദ്ധതിയുടെ മൂന്നാം ഘട്ടമായി നടന്നുവരുന്ന അഗതിരഹിത കേരളം പദ്ധതിയ്ക്കായി 1,41,34,639 രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി നാളിതുവരെയുള്ള ചെലവ് 10,52,758 രൂപയാണ്. ഇത് പൂർണ്ണമായും ചലഞ്ച് ഫണ്ടിൽ നിന്നുള്ള ചെലവാണ്. മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി ഭക്ഷണ വിതരണം മാത്രമാണ് നടന്നിട്ടുള്ളത്. പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള മറ്റ് സേവനങ്ങൾ ഒന്നും തന്നെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.

പദ്ധതിയുടെ പ്ലാൻ ഫണ്ട് ഇനത്തിൽ 14,11,697 രൂപയാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി സി.ഡി.എസ്. പ്ലാൻ ഫണ്ടിൽ നിന്ന് തുക ഒന്നും തന്നെ നാളിതുവരെ ചെലവഴിച്ചിട്ടില്ല. വാർഷിക പദ്ധതികളുടെ ഭാഗമായി പിൻവലിച്ച വികസന ഫണ്ട് അഗതിരഹിത കേരളം പദ്ധതിയ്ക്കായി ചെലവഴിക്കാതെ സി.ഡി.എസ്. പ്ലാൻ ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വാർഷിക പദ്ധതിയുടെ ഭാഗമായി വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനും ഭക്ഷണ വിതരണത്തിനല്ലാതെ മറ്റ് സേവന ഇനങ്ങൾക്ക് ഒന്നും തന്നെ തുക ചെലവഴിക്കാതിരിക്കുന്നതിനും മറുപടി ലഭ്യമാക്കേണ്ടതാണ്. അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഭൂരഹിതരായ 1 കുടുംബവും ഭവനരഹിതരായ 19 കുടുംബങ്ങളും ഉണ്ട്. ഇവർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളാണെങ്കിലും ഇവർക്ക് നാളിതുവരെ ആനുകൂല്യം ലഭിച്ചിട്ടില്ല. ഭവന രഹിതരായ അഗതി ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം പ്രഥമ പരിഗണന നൽകണമെന്ന സർക്കാർ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല.

സമൂഹത്തിലെ അശരണരും നിരാലംബരും ആയവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിനുമായാണ് ആശ്രയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പരിശ്രമം കുടുംബശ്രീയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി സജീവമായി ഇടപെടേണ്ടതാണ്.

## 1-29 ബാലസഭ പ്രവർത്തനം – അധികതുക വകയിരുത്തി ചെലവഴിക്കുന്നു

ബാലസഭാ പ്രവർത്തനങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ (പ്രോ. നം. 08/20, 16/20 എന്നിവ പ്രകാരം) പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് 2,00,000 രൂപ വീതം (ബിൽ നം. 06/14.11.19, 07/21.10.20) പിൻവലിച്ച് (ആകെ 4,00,000 രൂപ) സി.ഡി.എസ്-ന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം, ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000 രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40,000 രൂപയിലും അധികമാകാതെ ഒരു സാമ്പത്തിക വർഷം തുക ചെലവഴിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശപ്രകാരം, ഗ്രാമപഞ്ചായത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും ചെലവഴിക്കുവാൻ അനുവദനീയമായ പരമാവധി തുക 60,000 രൂപയാണ് (20 വാർഡുകൾ). ഈ സാഹചര്യത്തിൽ, വികസനഫണ്ടിൽ നിന്ന് അധികം തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്ത നടപടികൾ ക്രമമല്ല. മാത്രമല്ല, പിൻവലിച്ച തുക ബാലസഭാ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാതെ സി.ഡി.എസ്-ന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/20-21/18.09.21) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് ഉത്തരവാദികളായവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 വാട്ടർ ടാങ്ക് വിതരണം - വികസന ഫണ്ടിൽ നിന്ന് അധിക തുക ചെലവഴിച്ചു

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം രൂപീകരിച്ച പദ്ധതി 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി (പ്രോ.നം.137/21) നടപ്പിലാക്കി. പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് 5,60,000 രൂപ വകയിരുത്തിയതിൽ 5,07,600 രൂപ ആകെ ചെലവഴിച്ചു (3,32,100 രൂപ-ബിൽ നം.06/21.04.20, 1,75,500 രൂപ-ബിൽ നം.15/06.03.21). വിക്ടോറിയ പോളി ഫോം എന്ന സ്ഥാപനത്തിൽ നിന്നാണ് വാട്ടർ ടാങ്കുകൾ (ഒന്നിന് 2700 രൂപ) വാങ്ങിയിട്ടുള്ളത്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാട്ടർ ടാങ്കിന്റെ വിലയുടെ പരമാവധി 75% മാത്രമേ വികസനഫണ്ടിൽ നിന്ന് ചെലവഴിക്കുവാൻ പാടുള്ളൂ. ബാക്കി 25% തുക ഗുണഭോക്തൃ വിഹിതം ഇനത്തിലാണ് ചെലവഴിക്കേണ്ടത്. എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാങ്ങി വിതരണം ചെയ്ത 188 ടാങ്കുകളുടെ വില പൂർണ്ണമായും വികസനഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത് (2700 X 188 = 5,07,600). പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത 1,26,900 രൂപ (188 X 675 = 1,26,900) ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക പദ്ധതിയ്ക്കായി ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്ന് അധികമായി 1,26,900 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/20-21/18.09.21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്തതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുക 1,26,900 രൂപ വികസനഫണ്ടിലേക്ക് ഒടുക്കുവരുത്തി, വികസനഫണ്ടിൽ നിന്നുള്ള അധിക ചെലവ് ക്രമപ്പെടുത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SIDCO-യ്ക്ക് വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല എന്ന് അറിയിച്ചതിനെ തുടർന്നാണ് സെക്കന്റ് ലോവസ്റ്റ് റേറ്റ് ക്വോട്ട് ചെയ്ത വിക്ടോറിയ പോളി ഫോമിന് സപ്ലൈ ഓഡർ നൽകിയത് (നെഗോഷിയേഷനിലൂടെ സിഡ്കോ ക്വോട്ട് ചെയ്ത റേറ്റിൽ തന്നെ സാധനം വിതരണം ചെയ്തു). എന്നാൽ, വിക്ടോറിയ പോളി ഫോമിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകാൻ തീരുമാനിക്കുകയും ചെയ്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-31 ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ

പ്ലാന്റേഷൻ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനൻസിനായി 2020-21 സാമ്പത്തിക വർഷം സെക്രട്ടറി

നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രോ.നം. 258/21, 80,000 രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബിൽ നം. 231/09.11.20) തുക ചെലവഴിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനത്തിന്റെ ഓഫറുകൾ സ്വീകരിച്ച് ടി ഏജൻസി മുഖേന പദ്ധതി നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി സ്ഥാപനത്തെ പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/20-21/22.09.21) മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല, എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന സാങ്കേതിക വിഭാഗത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല പ്രതിഫലം നൽകിയിട്ടുള്ളത്. അപാകതകൾക്ക് മറുപടിയും രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-32 സംയോജിതശിശുവികസനപദ്ധതി- കേന്ദ്രഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു.

സംയോജിത ശിശുവികസന പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം (സെൻട്രൽ ഷെയർ) അങ്കണവാടികൾക്ക് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ചെലവഴിക്കുന്നില്ല. ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു..

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| മുന്നിരിപ്പ് | 1153614 | 1507283 | 2193890 |
| വരവ് | 549425 | 1200037 | 867307 |
| ആകെ | 1703039 | 2707320 | 3061197 |
| ചെലവ് | 195756 | 513430 | 955334 |
| നീക്കിയിരിപ്പ് | 1507283 | 2193890 | 2105863 |

ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ ഇനത്തിൽ ചെലവഴിക്കാതെ തനത് ഫണ്ടിൽ ശേഷിക്കുന്ന തുക അംഗൻവാടി കെട്ടിടനിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ഉപയോഗിക്കേണ്ടതാണ്.

## 1-33 സംയുക്ത പദ്ധതി നിർവഹണം - വകയിരുത്തിയ തുക ലഭ്യമായില്ല; ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിക്കപ്പെട്ടു

ഗ്രാമപ്പഞ്ചായത്ത് 2020-21 സാമ്പത്തികവർഷം കാർഷികമേഖലയിൽ സംയുക്തപദ്ധതിയിലുൾപ്പെടുത്തി നെൽക്കൃഷി വികസനത്തിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| 38/20-21 നെൽക്കൃഷി വികസനം - | 249116 | 123800 | 49.7% |

പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ 49.7% മാത്രം തൻവർഷം ചെലവഴിച്ചതിനു കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2020-21 Dtd 13.09.21), പദ്ധതിനടത്തിപ്പിന് ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 142596 രൂപയിൽ 35020/- രൂപ മാത്രമാണ് ലഭിച്ചത് എന്നും അതിനാൽ നെൽക്കൃഷി രണ്ടാംവിള ചെയ്ത 17 കർഷകരിൽ രണ്ട് ഗുണഭോക്താക്കൾക്ക് മാത്രമാണ് പൂട്ടുകൂലി നൽകാൻ കഴിഞ്ഞിട്ടുള്ളത് എന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

സ.ഉ(കൈ) നമ്പർ 11/18 ത.സ്വ.ഭ.വ തീയതി 29.01.18 ലെ ഖണ്ഡിക 3.5.4 ൽ സംയുക്തപ്രോജക്ടുകളുടെ രൂപീകരണം. നിർവഹണം എന്നിവ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ഇതനുസരിച്ച് സംയുക്തപ്രോജക്ടുകളുടെ കരട് പദ്ധതി തയ്യാറാക്കുന്നതിന് മുൻപ് ത്രിതല പഞ്ചായത്തുകളുടെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചുചേർക്കേണ്ടതും യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ സംയുക്തപ്രോജക്റ്റിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ വകയിരുത്തേണ്ട വിഹിതം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്. കൂടാതെ സംയുക്ത പ്രോജക്റ്റിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ തമ്മിൽ പ്രോജക്റ്റ്നിർവഹണത്തിന് മുൻപ് കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുമാണ്. എന്നാൽ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാതെ പ്രോജക്റ്റ് നിർവഹണ വേളയിൽ പങ്കാളിയായ സ്ഥാപനം വകയിരുത്തിയ വിഹിതം ലഭ്യമാക്കാത്തത് പദ്ധതിയുടെ നിർവഹണത്തെ പ്രതികൂലമായി ബാധിക്കുന്നു.

നെൽക്കൃഷിവികസന പ്രോജക്റ്റിൽ ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 142596 രൂപയിൽ 107576/- രൂപ ലഭിക്കാതിരുന്നത്, നെൽക്കൃഷി ചെയ്ത അർഹരായ കർഷകർക്ക് ആനുകൂല്യം നിഷേധിക്കുന്നതിന് കാരണമായി. സംയുക്തപദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ പദ്ധതിനിർവഹണ മാനദണ്ഡങ്ങൾ പാലിക്കേണ്ടതും വകയിരുത്തുന്ന വിഹിതം സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-34 മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം മരുന്നുകൾ വാങ്ങുന്നതിന് KMSCL ന് തുക കൈമാറിയതിൽ 854566/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പദ്ധതിയുടെ പേര്/ നമ്പർ | ബിൽ | നൽകിയ | അവശേഷിക്കുന്ന |
|---|---|---|---|---|

| നമ്പർ | | നം,തീയതി | തുക | മരുന്നിന്റെ വില |
|---|---|---|---|---|
| 1 | 53/2020-21<br>FHCയ്ക്ക് മരുന്നുവാങ്ങൽ | 21/2020-21-18.01.21. | 250000 | 60232 |
| 2 | 58/2020-21<br>പാലിയേറ്റീവ് കെയർ പദ്ധതി | 29/2020-21/29.03.21 | 350000 | 218081 |
| 3 | 59/2020-21<br>കാരുണ്യഗ്രാമം<br>60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് മാരകരോഗങ്ങൾക്ക് മരുന്നുവാങ്ങൽ | 20/2020-21/18.03.21 | 700000 | 261545 |
| 4 | 62/2020-21<br>കാരുണ്യഗ്രാമം<br>60 വയസ്സിനു താഴെ പ്രായമുള്ളവർക്ക് മാരകരോഗങ്ങൾക്ക് മരുന്നുവാങ്ങൽ | 24/2020-21/01.02.21 | 500000 | 220347 |
| 5 | 140/2020-21<br>പാലിയേറ്റീവ് കെയർ പദ്ധതി<br>(സ്പിൽ ഓവർ) | 7/2020-21/27.05.21 | 350000 | 42453 |
| 6 | 59/2020-21<br>കാരുണ്യഗ്രാമം<br>60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് മാരകരോഗങ്ങൾക്ക് മരുന്നുവാങ്ങൽ | 2/2020-21/16.04.21 | 780000 | 51908 |
| | ആകെ | | | 854566 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ( 19/2020-21 Dtd 20.09.21) പ്രസ്തുത വിവരം ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടുണ്ടെന്നും സ്ഥാപനവുമായി ബന്ധപ്പെട്ട് മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 ഹോംകോയിൽ നിന്ന് മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ഹോമിയോ മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 150000/- രൂപ മുൻകൂറായി നൽകിയതിൽ 97500/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/ നമ്പർ | ബിൽ നം,തീയതി | നൽകിയ തുക | അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|
| 23/2020-21 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങൽ | 1/2020-21/11.11.2020 | 150000 | 52500 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/2020-21 Dtd 18.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 റെക്കോർഡ് റൂം സജ്ജീകരണം-വാല്യുവേഷൻ എടുക്കാതെ പ്രതിഫലം നൽകി

ഐ.എസ്.ഓ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ റെക്കോർഡ് റൂം സജ്ജീകരിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രോ.നം.26/21) 7,00,000 രൂപ തനത് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 6,12,302 രൂപ (ബിൽ നം. 178/13.10.20) നിർമ്മാണത്തിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന്, സർക്കാർ നോഡൽ ഏജൻസിയായി അംഗീകരിച്ചിട്ടുള്ള ARTCO മുഖേനയാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. 06.11.2019-ൽ ARTCO സമർപ്പിച്ച 6,12,302 രൂപയുടെ സ്പെസിഫിക്കേഷനോട് കൂടിയ ഓഫർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് വർക്ക് ഓഡർ നൽകുകയും 13.01.2020-ന് പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് 6,12,302 രൂപയുടെ ഫൈനൽ ബിൽ ARTCO സമർപ്പിക്കുകയും ചെയ്തു. എന്നാൽ ARTCO സമർപ്പിച്ച സ്പെസിഫിക്കേഷനിലും അളവിലുമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്ന് എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്താതെയാണ് സ്ഥാപനത്തിന് പ്രതിഫലം അനുവദിച്ച് നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി ഉറപ്പുവരുത്താതെ തുക അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/20-21/15.09.21) മറുപടി ലഭ്യമാക്കിയില്ല. നോഡൽ ഏജൻസികളായും അക്രഡിറ്റഡ് ഏജൻസികളായും സർക്കാർ നിശ്ചയിട്ടിട്ടുള്ള വിവിധ സ്ഥാപനങ്ങൾ

മുഖേന മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന് ശേഷം മാത്രം പ്രതിഫലം അനുവദിച്ച് നൽകേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തിക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രോ.നം. SO 12/21) 2,00,000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും താഴെപ്പറയുന്ന തുക KSEB-യിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| വാർഡ് | ചെലവ് തുക |
|---|---|
| വാർഡ് 4,8 | 42,253<br>32/21.03.21 |
| വാർഡ് 17 | 55,711<br>20/16.11.20 |

ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി വിവരം ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.11/20-21/15.09.21) മറുപടി ലഭ്യമാക്കിയതിൽ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കെ.എസ്.ഇ.ബി-യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ചെലവ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-38 തെരുവ് വിളക്ക് പരിപാലനം - എഗ്രിമെന്റ് ഇല്ലാതെ പർച്ചേസ് നടത്തി

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം രണ്ട് പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2019-20 സാമ്പത്തിക വർഷം രൂപീകരിച്ച പദ്ധതി (നം. 135/21) സ്പിൽ ഓവറായി നടപ്പിലാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 4,36,882 രൂപയും (ബിൽ നം.05/11.05.20) 2020-21 സാമ്പത്തിക വർഷം രൂപീകരിച്ച പദ്ധതിയ്ക്കായി (നം. 06/21) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 70,678 രൂപയും (ബിൽ നം. 38/26.03.21) ചെലവഴിച്ചിട്ടുണ്ട്. ട്യൂബ് ലൈറ്റ്, ചോക്ക്, സ്റ്റാർട്ടർ, അലൂമിനിയം വയർ എന്നിവ വാങ്ങുന്നതിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള KREWS എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ടാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. എന്നാൽ വാങ്ങൽ നടപടികളുടെ ഭാഗമായി ടി സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. 2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ സെക്ഷൻ 9.61 പ്രകാരം, ഒരു ലക്ഷത്തിൽ കൂടുതൽ മൂല്യം വരുന്ന വാങ്ങലിൽ വിതരണ ഉത്തരവിനോടൊപ്പം എഗ്രിമെന്റിന്റെ കരട് കൂടി അയച്ച് കൊടുക്കേണ്ടതും എഗ്രിമെന്റിൽ ഏർപ്പെട്ടതിന് ശേഷം മാത്രം സാധനങ്ങൾ അയച്ചാൽ മതിയെന്ന് നിർദ്ദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ച് സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/20-21/15.09.21 ) മറുപടി ലഭ്യമാക്കിയതിൽ, ക്രൂസ് സർക്കാർ സ്ഥാപനം ആയതിനാലാണ് എഗ്രിമെന്റിൽ ഏർപ്പെടാതിരുന്നത് എന്നാണ് അറിയിച്ചത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷം മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കൽ, സബ്സിഡി എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (GO(MS) 22/2018/LSGD Dtd 14.02.2018) സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി. ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവ മറ്റ് ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും ഊർജ്ജ ഉപഭോഗം കുറഞ്ഞതും പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്തതും ആയതിനാലാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ ടി നിർദ്ദേശവും ഗ്രാമപഞ്ചായത്തിൽ പരിഗണിച്ചിട്ടില്ല.

ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം ഒടുക്കുന്നു

ടാപ്പ് ഒന്നിന് 5512.5 രൂപ നിരക്കിൽ 461 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിവർഷം 2541263 രൂപയാണ് പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. മുൻകാല കുടിശ്ശിക ഒടുക്കാതെ തൻമാസ ഡിമാന്റ് തുക മാത്രം ഒടുക്കുവരുത്തുന്നതിനാൽ കുടിശ്ശികത്തുക പലിശയും, കൂട്ടുപലിശയുമായി ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ പഞ്ചായത്തിന് വലിയ ബാദ്ധ്യതയായി പരിണമിച്ചിരിക്കുന്നു. ഓഡിറ്റ് തീയതിയിലെ വെള്ളക്കര കുടിശ്ശിക 1475037 രൂപയാണ്. മതിയായ തനത് ഫണ്ട് ഉണ്ടായിട്ടും കുടിശ്ശിക തീർക്കുന്നതിനുള്ള ആത്മാർത്ഥമായ യാതൊരു ശ്രമവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

തദ്ദേശഭരണ വകുപ്പിന്റെ 21.02.019-ലെ ഡി.എ.1/17/2019/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി Joint Inspection നടത്തണമെന്നും, കോളനികളിലെ പൊതുടാപ്പുകൾ ഒഴികെ മറ്റുള്ള സ്ഥലങ്ങളിലെ പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭിക്കുന്നവ, പ്രവർത്തനക്ഷമമല്ലാത്തവ എന്നിവയുടെ എണ്ണം കണക്കാക്കി, പ്രവർത്തന ക്ഷമമായവയ്ക്ക് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പാക്കാതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നത് അഭലഷണീയമല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ

ഒഴിവാക്കുന്നതിനും, കുടിശ്ശിക നിവാരണം ചെയ്യുന്നതിനും അടിയന്തിര ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-40 കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രതിഫലം നൽകി - തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം വാർഷിക പദ്ധതിയുടെ ഭാഗമായി (പ്രോ.നം.47/21) 4,05,154 രൂപ തനത് ഫണ്ട് ഇനത്തിൽ (ബിൽ നം. 431/25.03.21) ചെലവഴിച്ചിട്ടുണ്ട്. ജി.പി.എസ്. ഘടിപ്പിച്ച രണ്ട് വാഹനങ്ങളിലായി ടാങ്കുകളിൽ കുടിവെള്ളം വിതരണം ചെയ്തതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വാഹന വാടക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ (സ.ഉ.(സാധാ) നം.494/2020/ത.സ്വ.ഭ.വ തീയതി 27.02.2020) പാലിച്ചിട്ടില്ല എന്ന് കാണുന്നു.

(1) ജലവിതരണം നടത്തി എന്നതിന്റെ തെളിവായി ബന്ധപ്പെട്ട പ്രദേശത്തെ വാർഡ് മെമ്പറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വില്ലേജ് ഓഫീസറും ദൈനംദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) ടാങ്കർ ഉടമയ്ക്ക് വാടക നൽകുന്നത് ജി.പി.എസ്. ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി ജി.പി.എസ്. ലോഗിൽ നിന്ന് കിലോമീറ്റർ നിർണ്ണയിച്ച ശേഷം ട്രിപ്പ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷമായിരിക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/20-21/15.09.21) ലഭ്യമാക്കിയ മറുപടിയിൽ, വാഹനത്തിന്റെ ജി.പി.എസ്. ലോഗ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഫയലിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. സുതാര്യവും കാര്യക്ഷമവുമായാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,05,154 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് തുകയുടെ സുതാര്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-41 ലൈബ്രറി സെസ്സ് തുക അടവാക്കിയിട്ടില്ല

വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക സാമ്പത്തിക വർഷം രണ്ട് ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ് . എന്നാൽ 2020-21 ഒന്നാം അർദ്ധ വർഷത്തെ തുകയായ 63531 രൂപ വരെ മാത്രമാണ് ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടുള്ളത് . ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ലെങ്കിൽ പ്രതിമാസം 2% നിരക്കിൽ പിഴപ്പലിശ നൽകേണ്ടതുണ്ട്. യഥാസമയം ലൈബ്രറി സെസ്സ് അടവാക്കാത്ത പക്ഷം ആയതിന്റെ പിഴപ്പലിശ നൽകേണ്ടത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുമെന്ന് ലൈബ്രറി കൗൺസിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 169745 രൂപ ടിയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് അടവാക്കി പിഴപ്പലിശ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 തുക നിക്ഷേപിച്ചിട്ടും ലാപ്പ് ടോപ്പുകൾ ലഭ്യമായില്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി എസ്സ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ട് പ്രകാരം (121/21) 8 വിദ്യാർത്ഥികൾക്ക് വേണ്ടി ലാപ്പ് ടോപ്പ് വാങ്ങുന്നതിനായി CPCRS മുഖേന കേരള സംസ്ഥാന ഐ.ടി മിഷനിൽ 225320 രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ നാളിതുവരെ ലാപ്പ് ടോപ്പുകൾ ലഭ്യമായിട്ടില്ല. ലാപ്പ് ടോപ്പുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതും സ്റ്റോക്ക് വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ച വികസന ഫണ്ട് തുക നാളിതു വരെ ചെലവഴിച്ചില്ല

സ.ഉ.(സാധാ.)2537/16/ത.സ്വ.ഭ.വ. തീയതി 27/08/16 പ്രകാരം വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയ്ക്കായി (ODF) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 4176000 രൂപ ശുചിത്വ മിഷനിൽ നിന്നും 2016-17 വർഷം തിരികെ ലഭിച്ചിട്ടുണ്ട്. തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു. സർക്കാരിന്റെ നിർദ്ദേശാനുസരണം ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ - 53.36 ലക്ഷം രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 53.36 ലക്ഷം രൂപ പ്രവൃത്തി പൂർത്തിയാക്കി ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. 2017-18 സാമ്പത്തിക വർഷം മുതൽ 2020-21 വരെ കാലയളവിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരമാണ് ലഭ്യമാകാത്തത്. ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | തുക ഡെപ്പോസിറ്റ് |
|---|---|---|---|---|

| | | | | ചെയ്ത തീയതി |
|---|---|---|---|---|
| 1 | 2017-18 | 3-ാം വാർഡിൽ വീരപ്പള്ളിൽ തേപ്പുപാറ റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 1390793 | ലഭ്യമല്ല |
| 2 | 2017-18 | പൈപ്പ് ലൈൻ നീട്ടൽ | 100000 | ലഭ്യമല്ല |
| 3 | 2018-19 | വീരപ്പള്ളിൽ തേപ്പുപാറ റോഡിൽ പൈപ്പ് ലൈൻ നീട്ടൽ വാർഡ് 3 | 609207 | 28.05.18 |
| 4 | 2018-19 | 3, 4, 12, 14 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ (പയറ്റുവിള കോളനി - താഴത്തു റോഡ് വാർഡ് - 12) | 840000 | 20.06.18 |
| 5 | 2018-19 | വല്യത്തുപടി നെടിയ കാലാപടി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 3 | 180000 | 20.06.18 |
| 6 | 2019-20 | പൂഴിക്കാട്ട്പടി മണ്ണാറ ഏല വാർഡ് 17, മാങ്കൂട്ടം കോട്ടമുകൾ പടി വാർഡ് 15, കൊറ്റത്തൂർപ്പടി കടുക്കച്ചിറ വാർഡ് 16 എന്നിവടങ്ങളിൽ പൈപ്പ് ലൈൻ വാർഡ് 18 | 680000 | 08.07.19 |
| 7 | 2019-20 | നെടുമൺ അങ്കണവാടി നം. 8 – പൈപ്പിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള പ്രവൃത്തി | 16000 | 08.07.19 |
| 8 | 2019-20 | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 6 | 460000 | 15.02.20 |
| 9 | 2019-20 | എടത്തിപ്പടി കുതിരമുക്ക് പൈപ്പ് ലൈൻ നീട്ടൽ വാർഡ് 18 | 120000 | 27.02.20 |
| 10 | 2019-20 | പൂഴിക്കാട്ടുപടി മണ്ണാറ ഏല പൈപ്പ് ലൈൻ നീട്ടൽ വാർഡ് 17 | 180000 | 12.03.20 |
| 11 | 2020-21 | 6-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 460000 | 11.05.20 |
| 12 | 2020-21 | 18-ാം വാർഡിലെ എടത്തിട്ടപ്പടി കുതിരമുക്ക് റോഡിൽ 19-ാം നമ്പർ അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | 120000 | 11.05.20 |
| 13 | 2020-21 | പൂഴിക്കാട്ടുപടി - മണ്ണാറ ഏല റോഡിൽ പൈപ്പ ലൈൻ എക്സ്റ്റൻഷൻ വാർഡ് 17 | 180000 | 11.05.20 |
| | | ആകെ | 5336000 | |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുകയോ, കാലികമാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. 2019-20 വർഷം വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം (Utilisation Certificate) വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/19-20/15.09.2021) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് നം. 177 പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 2381956 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി രേഖപ്പടുത്തിയിരിക്കുന്നു. ഇത് പ്രകാരം ഡെപ്പോസിറ്റ് തുക വാട്ടർ അതോറിറ്റി പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഈ ഇനത്തിൽ 537888 രൂപ വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിച്ചിട്ടുണ്ട്. കൂടാതെ അതേ വർഷം തന്നെ 2075000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള OH ടാങ്ക് മുതൽ കാവനാൽ SNDP ജം. വരെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രവൃത്തിക്ക് എത്ര തുക ചെലവഴിച്ചുവെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനുശേഷം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക കണക്കാക്കുന്നതിനും ആയത് പഞ്ചായത്ത് പ്രദേശത്ത് മറ്റ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനുമുള്ള സാദ്ധ്യതകൾ പരിഗണിക്കേണ്ടതും, അല്ലാത്തപക്ഷം അവശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

## 1-45 കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

എഗ്രിമെന്റ് കാലാവധി കഴിഞ്ഞ് മൂന്ന വർഷത്തിനകവും റീ ഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്ന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 282(1), (6) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2012-13 വർഷം മുതലുള്ള നിക്ഷേപത്തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. 2020-21 വർഷത്തെ ഡെപ്പോസിറ്റ്

രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം മൂന്ന വർഷത്തിന് മുൻപ് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഏതാനും നിക്ഷേപത്തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് രജിസ്റ്റർ പേജ് നമ്പർ | ഇനം | തുക നിക്ഷേപിച്ച ആളുടെ പേര് | രസീത് നമ്പർ/തീയതി | തുക |
|---|---|---|---|---|
| 57 | ഇറച്ചി ലേലം | ലാലു | രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല/ 21.03.2013 | 10000 |
| 57 | ഇറച്ചി ലേലം | സലീം | 1130411093/08.04.2013 | 10000 |
| 58 | Bidders EMD | പോൾസൺ | 1160410/05.10.2016 | 36000 |
| 59 | Bidders EMD | നസറുദ്ദീൻ | 1160407108/24.03.2017 | 66350 |
| 59 | Bidders EMD | ഷിഹാബ് | 11604107109/24.03.2017 | 62500 |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും ഇത് കൃത്യമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട രേഖകളുടെ പരിപാലനവും തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളിൽ ഓരോ വർഷവും മുൻവർഷങ്ങളിലെ പിൻവലിക്കാത്ത തുകകൾ വർഷം തിരിച്ച് രേഖപ്പെടുത്തി ഡി.സി.ബി തയ്യാറാക്കി സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-46 പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- തനതു ഫണ്ടിൽ നിഷ്ക്രിയമായി നിക്ഷേപിച്ചിരിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഫണ്ടുകൾ ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഈ ഫണ്ടുകൾ 01.04.2019 മുതൽ ബാലൻസായി അവശേഷിക്കുന്നവയാണ്.

| ഇനം | ബാലൻസ് തുക |
|---|---|
| വിമുക്തി | 50500 |
| പൈക | 46633 |
| Flood Relief Grant | 15035 |
| ICDP- DAIRY | 134259 |

തുകവിനിയോഗിച്ച് പ്രത്യേക ആവശ്യങ്ങൾക്കായുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 1-47 സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ചതും 31.03.2021ൽ ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാപ്പഞ്ചായത്ത് വിഹിതം | |
| ലൈഫ് (എസ്സ്.സി.പി) | 1924 |
| പാലിയേറ്റീവ് കെയർ | 45558 |
| അങ്കണവാടി നിർമ്മാണം | 14844 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | |
| ലൈഫ്(ജനറൽ) | 552506 |
| ലൈഫ്(എസ്സ്.സി.പി) | 20000 |
| എം.എൻ ലക്ഷം വീട്(എസ്സ്.സി) | 200000 |

ബ്ളോക്ക്, ജില്ലാപ്പഞ്ചായത്ത് ഫണ്ടുകൾ ചെലവഴിക്കാൻ കഴിയാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-48 സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ലാതെ ഓഫീസ് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കി

സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുക്കേണ്ടത് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരമായിരിക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കേ പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് നാഷണൽ ഇൻഷ്വറൻസ് കമ്പിനി മുഖാന്തിരം പുതുക്കി. ഓഫീസ് വാഹനമായ ബൊലേറോ ജീപ്പിന്റെ (KL-26-J-3723) ഇൻഷ്വറൻസ് പുതുക്കുന്നതിന് 29.04.2020-ലെ 22000080 നമ്പർ വൌച്ചർ പ്രകാരം നാഷണൽ ഇൻഷ്വറൻസ് കമ്പിനിയ്ക്ക് 20558 രൂപയാണ് നൽകിയത്. സർക്കാർ വാഹനങ്ങളുടെ 3rd പാർട്ടി ഇൻഷ്വറൻസ് SLI വകുപ്പ് മുഖാന്തിരമായിരിക്കണം എടുക്കേണ്ടതെന്ന് G.O.(P)No.819/200/Fin, Dtd. 18.04.2000 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതിന വിരുദ്ധമായാണ് പൊതുമേഖല ഇൻഷ്വറൻസ് കമ്പിനി മുഖാന്തിരം ഇൻഷ്വറൻസ് പുതുക്കിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ വാഹന ഇൻഷ്വറൻസ് പുതുക്കുന്നത് എസ്.എൽ.ഐ. മുഖാന്തിരമായിരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 ജീവനക്കാരുടെ മാറ്റി വെച്ച ശമ്പളം തിരികെ നൽകിയപ്പോൾ NPS വിഹിതം പിടിച്ചില്ല.

കോവിഡിന്റ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ 4/2020 മുതൽ 8/2020വരെ അഞ്ച് മാസത്തെ ശമ്പളത്തിൽനിന്നും 6 ദിവസത്തെ വേതനം മാറ്റിവയ്ക്കുന്നതിനും ആയത് ട്രഷറിയിൽ ഈ ആവശ്യത്തിനായി പുതിയതായി ഒരു SDTSB അക്കൌണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിക്കുന്നതിനും സ.ഉ.(അ)നം. 53/2020/ധന ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും വേതനം കുറവ് ചെയ്ത് SDTSB അക്കൌണ്ടിൽ അടയ്ക്കുകയും 12.04.2021-ലെ 450681 ചെക്ക് പ്രകാരം ട്രഷറിയിൽനിന്നും പിൻവലിച്ച് ഒറ്റതവണയായി ബന്ധപ്പെട്ട ജീവനക്കാർക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. മാറ്റി വെച്ച ശമ്പളം ജീവനക്കാർക്ക് തിരികെ നൽകിയപ്പോൾ NPS പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ തുകയിൽനിന്നും NPSവിഹിതം ഈടാക്കിയിട്ടില്ല. മാറ്റിവെച്ച ശമ്പളത്തിൽനിന്നും NPS വിഹിതം ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 03.09.21-ലെ 71/2021/ധന. നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ Defferred സാലറി കൈപ്പറ്റിയ NPSൽ അംഗങ്ങളായിട്ടുള്ള ജീവനക്കാരുടെ അടുത്ത മാസത്തെ ശമ്പളത്തിൽനിന്നും റഗുലർ കോൺട്രിബ്യൂഷന്റെ കൂടെ 2020 മാർച്ച് മാസത്തെ അവരുടെ എൻ.പി.എസ്. കോൺട്രിബ്യൂഷന് തുല്യമായ തുക കൂടി കുറവ് ചെയ്ത് തുല്യമായ സർക്കാർ വിഹിതവും ചേർത്ത് അരിയർ എന്ന രീതിയിൽ പ്രാൺ അക്കൌണ്ടിൽ അടവാക്കേണ്ടതാണ്.

## 1-50 ഗുണഭോക്തൃ വിഹിതമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്ന തുകകൾ നാളിതുവരെ തിരികെ നൽകിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരവും ACR പ്രകാരവും ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസായി അവശേഷിക്കുന്ന തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ക്രമനം. 2, 3 എന്നിവ ഏത് വർഷത്തെ പ്രോജക്ടുകളാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.8//2020-21)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (പ്രോജക്ട് നം. 137/21) | 127575 |
| 2 | മുട്ടക്കോഴി വളർത്തൽ | 10000 |
| 3 | വാദ്യോപകരണം | 15500 |
| | ആകെ | 153075 |

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങുന്നതിനായി 189 ഗുണഭോക്താക്കളിൽനിന്ന് 675 രൂപ വീതം 127575 രൂപ പിരിച്ചെടുത്തിട്ടുണ്ട്. പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത് 188 പേർക്കാണ്. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കേണ്ടിയിരുന്ന തുക വികസനഫണ്ടിൽനിന്നാണ് ചെലവിട്ടത്. (ഖണ്ഡിക 1-30 കാണുക.) അവശേഷിക്കുന്ന ഒരാളുടെ വിഹിതം 675 രൂപ തിരികെ നൽകേണ്ടതാണ്. മറ്റു പ്രോജക്ടുകളുടെ മുൻ വർഷങ്ങളിലെ വരവു ചെലവു രേഖകൾ പരിശോധിച്ച് തുക തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - അപാകതകൾ

2020-21 വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടറുകൾക്ക് മത്സര സ്വഭാവമില്ല

2019-20 വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ച മരാമത്ത് പ്രവൃത്തികളിൽ അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പദ്ധതികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ സ്ഥിരമായി കരാറെടുക്കുന്ന ചുരുക്കം ചില വ്യക്തികൾ മാത്രമാണ് ടെണ്ടറിൽ പങ്കെടുക്കുന്നത്. 6-7 കരാറുകാർ ടെണ്ടർ ഫാറം വാങ്ങുകയും പിന്നീട് ടെണ്ടർ സമർപ്പിക്കുന്ന വേളയിൽ ഇവരിൽ രണ്ട് പേർ മാത്രം ടെണ്ടർ സമർപ്പിക്കുന്നതായുമാണ് കാണുന്നത്. ലഭിക്കുന്ന ടെണ്ടറുകളുടെ കാര്യത്തിലാകട്ടെ മത്സര

സ്വഭാവം തീരെ ഇല്ല. എസ്റ്റിമേറ്റ് നിരക്കോ, ദശാംശ കണക്കിന് കുറഞ്ഞ നിരക്കിലോ ആണ് ഭൂരിപക്ഷം പ്രവൃത്തികളും കരാർ നൽകുന്നത്. മാന്വൽ ടെണ്ടറുകളുടെ കാര്യത്തിൽ കരാറുകാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ടെണ്ടറുകളുടെ മത്സര സ്വഭാവം ഇല്ലാതാക്കുന്നതായാമ് പരിശോധനയിൽ സ്പഷ്ടമായിട്ടുള്ളത്.

ഇ-ടെണ്ടർ ക്ഷണിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും, അതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലാഭിക്കുന്നതിനും സഹായകമാണെന്നിരിക്കെ മാന്വൽ ടെണ്ടർ രീതി അവലംബിക്കുന്നതിലൂടെ കരാറുകർക്ക് മത്സരം ഒഴിവാക്കി ടെണ്ടറുകൾ തരപ്പെടുത്തുന്നതിന് സഹായകമായി. ഈ നടപടി പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് അസി.എഞ്ചിനീയറോട് വിശദീകരണം ആരാഞ്ഞിരുന്നു. ടെണ്ടർ ഫാറം ധാരാളം കരാറുകാർ വാങ്ങുന്നുവെങ്കിലും തിരികെ ലഭിക്കുന്ന ടെണ്ടറുകളുടെ എണ്ണം പരിമിതമാണെന്നും, ഈ സാഹചര്യത്തിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലഭിക്കുന്നതിനും, അത് ഉപയോഗിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ അസി.എഞ്ചിനീയർ വിശദീകരിച്ചു.

മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

2. പദ്ധതികൾ സമയബന്ധിതമായി നടമാന്വൽ ടെണ്ടർ രീതി അവലംബിക്കുന്നതിലൂടെ കരാറുകർക്ക് മത്സരം ഒഴിവാക്കി ടെണ്ടറുകൾ തരപ്പെടുത്തുന്നതിന് സഹായകമായി.പ്പിലാക്കുന്നതിൽ വീഴ്ച

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2020-21വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയർ (എൽ എസ് ജി ഡി) നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ ആകെയുള്ള 154 പ്രവൃത്തികളിൽ 34 എണ്ണം തൻവർഷം പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സമയക്രമം പാലിക്കാത്ത കരാറുകാർക്കെതിരെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ അസി.എഞ്ചിനീയർ സ്വീകരിച്ചതായി ഫയലുകളിൽ രേഖയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ കരാറുകാർക്കും നോട്ടീസ് നൽകിയട്ടുള്ളതാണെന്നും, മതിയായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം നോട്ടീസുകൾ ഫയലിൽ ഇടുന്നതിന് സാധിച്ചിട്ടില്ലെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അസി.എഞ്ചിനീയർ വിശദീകരിച്ചു.

3. ടെണ്ടർ രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല

ടെണ്ടർ രജസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ ടെണ്ടർ തുറക്കുമ്പോൾ സന്നിഹിതരായ കരാറുകാരുടെയും, പഞ്ചായത്ത് പ്രസിഡന്റിന്റെയും കൈയ്യൊപ്പ് വാങ്ങുന്നില്ല. ഇ.എം.ഡി. ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന നമ്പരും, തീയതിയും രേഖപ്പെടുത്തുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഫയൽ വർക്കുകൾ ചെയ്യുന്നതിന് ഒരു ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അസി.എഞ്ചിനീയർ തന്നെ എല്ലാ ഫയൽ ജോലികളും ചെയ്യേണ്ടിവരുന്നതിനാലാണ് രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുള്ളതെന്ന് വിശദീകരിക്കപ്പെട്ടു.

പഞ്ചായത്തിലെ എഞ്ചിനീയറിംഗ് സെക്ഷനിൽ ക്ലറിക്കൽ തസ്തിക ഇല്ലെന്നുള്ളതും, കർത്തവ്യ ബാഹുല്യം കാരണം (മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പുറമേ, കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷകളിന്മേലുള്ള പരിശോധന, വ്യക്തികഗത ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റുകൾ നൽകൽ തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു) ഫയലുകളും രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം ബുദ്ധിമുട്ട് നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒരു ക്ലാർക്കിന്റെ സേവനം വിട്ടു നൽകുന്ന കാര്യം പഞ്ചായത്ത് കമ്മിറ്റി സജീവമായി പരിഗണിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

4. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ സൂക്ഷിക്കുന്നില്ല

അസി.എഞ്ചിനീയർ ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. വിലയ്ക്കു വിൽക്കുന്ന ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരം സൂക്ഷിക്കാതിരിക്കുന്നത് ശരിയല്ല. രജിസ്റ്ററിന്റെ അഭാവത്തിൽ ഓഡിറ്റ് കാലയളവിൽ ടെണ്ടർ ഫാറം വില ഇനത്തിൽ വരവ് വന്ന തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

5. മരാമത്ത് ഫയലുകൾ സൂക്ഷിക്കുന്നതിലെ ന്യൂനത

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നും തന്നെ അസി.എഞ്ചിനീയർ തയ്യാറാക്കി അസി.എക്സി.എഞ്ചിനീയർ മേലൊപ്പിട്ട കംപ്ലീഷൻ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ വാങ്ങുകയോ ചട്ടപ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെപ്പിച്ച് പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യുന്നില്ല. ആയരം രൂപയുടെ മുദ്രപത്രത്തിലാണ് സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടത്. സമയ ദീർഘീകരണത്തിന് കരാറുകാരിൽനിന്നും സപ്ലിമെന്ററി എഗ്രിമെന്റ് എഴുതി വാങ്ങാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടം ഉണ്ടാകുന്നുണ്ട്. പരിഹാര നടപിടികൾ സ്വീകരിക്കേണ്ടതാണ്.

6. സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ചു നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട്

കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട് (വ-15.6.1). എന്നാൽ അസി.എഞ്ചിനീയർ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. എഗ്രിമെന്റ് രജിസ്റ്ററിലാണ് സെക്യൂരിറ്റി, പെർഫോർമൻസ് ഗ്യാരന്റി മുതലായവയുടെ വിവരം ചേർത്തിട്ടുള്ളത്.

പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി സംരക്ഷണകാലയളവിനുശേഷം മടക്കി നൽകുമ്പോൾ ബന്ധപ്പെട്ട ഓവർസീയറുടെ പരിശോധനാ റിപ്പോർട്ടോ, അസി.എഞ്ചിനീയറുടെ ഉത്തരവോ ഫയലിൽ നോട്ട് ചെയ്യുന്നില്ല. ഫയൽ നോട്ടിന്റെ അഭാവത്തിൽ സംരക്ഷണ കാലയളവിനുശേഷം പ്രവൃത്തികളുടെ സ്ഥിതി പരിശോധിച്ച് പ്രവൃത്തിക്ക് തകരാറില്ലെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമാണ് സെക്യൂരിറ്റികൾ റിലീസ് ചെയ്യുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.

ജാമ്യനിക്ഷേപം കൈപ്പറ്റലും, മടക്കി നൽകലുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാർ പ്രവൃത്തി പൂർത്തിയാക്കിയില്ല

2020-21 സാമ്പത്തിക വർഷം പാർട്ട് ബിൽ സമർപ്പിച്ച് തുക കൈപ്പറ്റിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

| ക്രമ നം,. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാകരാറുകരന്റെ പേര്, കരാർ നം., തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പാർട്ട് ബിൽ നൽകിയ തീയതി | പാർട്ട് ബിൽ തുക |
|---|---|---|---|---|---|---|
| 1 | 254/21 | മണ്ണാറ – ഏലാതോടിനു കുറുകെ പാലം മെയിന്റനൻസ് (₹210985) | ശ്രീ സോണി സി. സാമുവൽ 63/19-20/AE/LSGD/EKLM, Dtd. 23.12.2019 | 23.04.2020 (4 മാസം) | 08.07.20 | 151063 |
| 2 | 166/21 | കിളിക്കോട് ലക്ഷം വീട് - മാങ്കോട്ടുമുരുപ്പ് റോഡ് മെയിന്റനൻസ് ടാറിംഗ് - വാർഡ് 6 (₹700000) | ശ്രീ രാജേഷ് കുമാർ 102/20-21/AE/LSGD/EKLM Dtd. 06.02.21 | 06.06.2021 (4 മാസം) | 19.03.21 | 245526 |
| 3 | 220/21 | കൊച്ചുതോട് അങ്കണവാടി റോഡ് ഓട നിർമ്മാണം വാർഡ് 4 (₹100000) | ശ്രീ അശ്വിൻ വിഷ്ണു ദത്ത് 59/120-21/AE/LSGD/EKLM Dtd. 07.08.20 | 7.12.2020 (4 മാസം) | 30.03..21 | 95751 |
| 4 | 95/21 | അമ്പലംമുക്ക് - പാറയിൽ പടി റോഡ് മെയിന്റനൻസ് വാർഡ് 4 (₹700000) | ശ്രീ രാജേഷ് കുമാർ 101/20-21/AE/LSGD/EKLM Dtd. 06.02.21 | 06.06.2021 (4 മാസം) | 19.03.21 | 292560 |
| 5 | 67/21 | കനാൽപാലം താന്നിക്കൽപടി റോഡ് മെയിന്റനൻസ് വാർഡ് 20 (₹300000) | ശ്രീ രാജേഷ് കെ. 24/20-21/AE/LSGD/EKLM Dtd. 23.06.2020 | 23.10.2020 (4 മാസം) | 22.03.21 | 127065 |
| 6 | 131/21 | കാപ്പിൽ കോളകനാൽ പാലം നിർമ്മാണം പൂർത്തീകരണ ം വാർഡ് 17 അനുബന്ധ പ്രവൃത്തികൾ (₹480000) | ശ്രീ രതീഷ് കെ. നായർ 96/20-21/AE/LSGD/EKLM Dtd. 25.01.21 | 25.05.2021 (4 മാസം) | 29.03.21 | 190580 |
| 7 | 194/21 | ഏനാത്ത് ഹോമിയോ ആശുപത്രി മെയിന്റനൻസ് വാർഡ് 14 (₹150000) | ശ്രീ ശ്രീകുമാർ ജി. 95/20-21/AE/LSGD/EKLM Dtd. 18.01.21 | 18.05.2021 (4 മാസം) | 29.03.21 | 65597 |

എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി കഴിഞ്ഞിട്ടുണ്ടെങ്കിലും ടി പ്രവൃത്തികളുടെ കരാറുകാർ ആരുംതന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ലഭിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ എഗ്രിമെന്റ്

കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാർ ലംഘനം നടത്തിയ കരാറുകാർക്ക് നോട്ടീസ് നൽകുന്നതുൾപ്പടെ ചട്ടപ്രകാരം സ്വീകരിക്കേണ്ട തുടർനടപടികളൊന്നും അസി.എഞ്ചിനീയർ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ടി കരാറുകാർക്കെതിരെ PWD മാന്വൽ, എഗ്രിമെന്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ അസി. എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 1-53 സെൽഫ് ഡിക്ലറേഷൻ ഫോറം ഹാജരാക്കാത്ത കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു

2019-20, 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികൾക്കും GST ഇനത്തിൽ 12% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഫൈനൽ ബില്ലിനൊപ്പം കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. സ.ഉ.(സാധാ.)നം.2532/2018/തസ്വഭവ, തീ. 29.09.201 നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ GST കോമ്പൻസേഷൻ അനുവദിച്ചു നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളിലൊന്നുംതന്നെ സെൽഫ് ഡിക്ലറേഷൻ ഫോറം ഹാജരാക്കിയിട്ടില്ല. മേൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-54 ലൈഫ് പ്രോജക്ട്- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും, സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം.

പണി ആരംഭിച്ച് നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ പഞ്ചായത്തിൽ ഉണ്ട്.ടിയാളുകൾക്കുവേണ്ടി 2021-22 വർഷം സ്പിൽഓവറായി പ്രോജക്ട്ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിക്കുവേണ്ടി ഗഡുക്കൾ കൈപ്പറ്റി നിർമ്മാണംപൂർത്തീകരിക്കാൻ അവശേഷിക്കുന്ന ജനറൽ ഗുണഭോക്താക്കളുടേയും പട്ടികജാതി വിഭാഗം ഗുണഭോക്താക്കളുടേയും വിവരം ചുവടെചേർക്കുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടികജാതിവിഭാഗം

| | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1. | മണി, ചരുവിള പുത്തൻ വീട്, കടിക | 300000 |
| 2. | കൊച്ചുമോൾ, പയറ്റും വിളയിൽ , ഏനാത്ത് | 300000 |
| 3 | രേണുക, അയ്യപ്പസദനം, നെടുമൺ | 300000 |
| 4. | കലേഷ് , സതിഭവനം, തേപ്പുപാറ | 300000 |
| 5. | ചെല്ലമ്മ, മാങ്കോട്ട് തെക്കേക്കര മുരുപ്പേൽ, നെടുമൺ | 40000 |
| 6. | ഓമന, കൊച്ചുതുണ്ടിൽ, ഏനാത്ത് | 300000 |
| 7 | രതീഷ്, വെള്ളാങ്കോട്ട് വീട്, ഏനാത്ത് | 300000 |
| 8 | ഓമന, മണിമേഖല വിലാസം , പുതുമല | 40000 |
| 9 | മഞ്ജു, കളീലു വിളയിൽ, തേപ്പുപാറ | 200000 |
| 10 | കവിത, നിരപ്പിൽ കിഴക്കേതിൽ, നെടുമൺ | 40000 |
| 11 | കൊച്ചു പെണ്ണ്, നിരപ്പിൽ കിഴക്കേതിൽ, നെടുമൺ | 40000 |
| 12 | ശശികല, മന്നസ്സേരിൽ, ഏനാത്ത് | 40000 |
| 13 | സംഗീത, കന്യാകുഴി വടക്കേക്കര, തേപ്പുപാറ | 40000 |
| 14 | ആനന്ദവല്ലി, പയറ്റും വിളയിൽ വീട്, ഏനാത്ത് | 200000 |
| 15 | രാജു, പാലേലിക്കുഴി പുത്തൻവീട്, കൈതപ്പറമ്പ് .പി.ഒ | 40000 |
| 16 | ശാരദ, പയറ്റുംവിളയിൽ വീട്, ഏനാത്ത് | 40000 |
| 17 | വിജയൻ ബി, വാഴോട്ട് വീട്, തേപ്പുപാറ | 40000 |
| 18 | മോഹനൻ, പുരാഗ് സദനം, ഏനാത്ത് | 300000 |
| 19 | രവി ബി , അയണിവിള, കൈതപ്പറമ്പ് | 300000 |
| 20 | സുശീല കെ, കൊച്ചയ്യത്ത്, അച്ചു ഭവനം, കൈതപ്പറമ്പ് | 40000 |
| 21 | ശാന്ത, പറങ്കിമാം വിളയിൽ, കൈതപ്പറമ്പ് | 200000 |
| 22 | ശാന്ത, ചേർക്കോട്ട് കിഴക്കേക്കര, പുതുമല .പി.ഒ | 40000 |
| | | |

| | | |
|---|---|---|
| 23 | സാവിത്രി, ഉടയന്റെ വടക്കേതിൽ, തേപ്പപാറ | 200000 |
| 24 | മണി, W/O കൊച്ച ചെറുക്കൻ, മണി മന്ദിരം, ഏനാത്ത് | 40000 |

## 1-55 കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പിന് ചെലവഴിച്ച തുകയിൽ 710083 രൂപ മടക്കി ലഭിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തുകൾ കോവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പിന് തനത് ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുകകൾ സർക്കാരിൽനിന്നും റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതിന് അർഹതയുണ്ട്. ഗ്രാമപഞ്ചായത്തുകൾ ചെലവ് വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും നിശ്ചിതമാതൃകയിൽ കണക്കുകൾ തയ്യാറാക്കി, അസ്സൽ ചെലവ് വൌച്ചറുകൾ സഹിതം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖാന്തിരം ജില്ലാ കളക്ടറേറ്റിൽ സമർപ്പിച്ച് റീഇംബേഴ്സ്മെന്റ് വാങ്ങുകയുമാണ് വേണ്ടിയിരുന്നത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.08.2020-ലെ G2-1031/2020 നമ്പർ സർക്കുലർ പ്രകാരം 25.06.2020 വരെയുള്ള ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ ഒന്നിച്ച് സമർപ്പിക്കുയും, തുടർന്നു വരുന്ന ദിവസങ്ങളിലെ ചെലവുകൾ ഓരോ 15 ദിവസം കൂടുമ്പോൾ പ്രത്യേകം സമർപ്പിക്കുകയും ചെയ്യണമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല. ചെലവ് വൌച്ചറുകൾ പ്രത്യേകം സൂക്ഷിക്കുകയോ, ചെലവിന്റെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കോവിഡ് സംബന്ധിച്ച ചെലവുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 12.06.2020 വരെയുള്ള കണക്കുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നും കോവിഡ് കെയർ സെന്ററുകൾ പ്രവൃത്തിച്ചിരുന്ന 14.09.2020 വരെ 1375261 രൂപ ചെലവായിട്ടുണ്ട്. എന്നാൽ 986898 രൂപയുടെ ചെലവ് കണക്കുകൾ മാത്രമാണ് പഞ്ചായത്തിൽനിന്നും റീഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളത്. ഇതുവരെ ആകെ 665178 രൂപ റീഇംബേഴ്സ്മെന്റ് ലഭിച്ചതിന്റെ കണക്കുകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചിട്ടുള്ളത് (09.07.21-ൽ 293821/- രൂ., 27.08.21-ൽ 371357 രൂ.). രേഖകളിലും കണക്കുകളിലും അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിൽ കൃത്യമായ കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 30/20-21/22.09.2021) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല.

കോവിഡ് ചെലവ് കണക്കുകൾ സമർപ്പിച്ച് റീംബേഴ്സ്മെന്റ് വാങ്ങുന്നതിലുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. അവശേഷിക്കുന്ന തുക 710083 രൂപ ലഭിക്കാൻ ആവശ്യമായ സത്വര നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-56 അങ്കണവാടികളുടെ വെള്ളക്കരം ഒടുക്കിയില്ല; കുടിശ്ശികയിന്മേലുള്ള പലിശയും, കൂട്ടുപലിശയും ഉൾപ്പടെ 3.3 ലക്ഷം രൂപ ഒടുക്കുവരുത്തി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 13 അങ്കണവാടികളുടെ കുടിവെള്ളക്കരം യഥാസമയം ഒടുക്കുവരുത്താത്തതിനാൽ പിഴപലിശ ഉൾപ്പെടെ വൻ തുക കുടിശ്ശികയാവുകയും, വാട്ടർ അതോറിറ്റി നടത്തിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപലിശയിൽ ഇളവ് വരുത്തി 330210 രൂപ 16.01.21-ലെ 2200246 നമ്പർ വൌച്ചർ പ്രകാരം ഒടുക്കുവരുത്തുകയും ചെയ്തിരിക്കുന്നു. 01/2021 വരെ ആകെ കുടിശ്ശിക ഉണ്ടായിരുന്നത് 586754 രൂപയായിരുന്നു. ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 256544 രൂപ വാട്ടർ അതോറിറ്റി കുറവ് ചെയ്തു. ബാക്കിയുള്ള തുകയാണ് പഞ്ചായത്ത് ഒടുക്കിയത്. വാട്ടർ അതോറിറ്റി കുടിശ്ശിക തുകയിന്മേൽ പ്രതിമാസം 2% പലിശയാണ് ഈടാക്കുന്നത്. പഞ്ചായത്തിന് ബാദ്ധ്യതയായ തുകയിൽ ഗണ്യമായ ഭാഗം ഇപ്രകാരം പലിശ ഇനത്തിലുള്ളതാണ്. അങ്കണവാടികൾക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാട്ടർ കണക്ഷൻ എടുത്തതിനുശേഷം വെള്ളക്കരം യഥാസമയം അടവാക്കാതെ കുടിശ്ശിക വരുത്തിയത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

കുടിശ്ശിക അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിച്ചതായോ, വിശദാംശങ്ങൾ ഫയൽ നോട്ടാക്കി പഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവിനായി സമർപ്പിച്ചതായോ കണ്ടില്ല. കമ്മിറ്റിയുടെ അറിവും, അനുമതിയുമില്ലാതെ ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചമൂലമുണ്ടായ അധിക ബാദ്ധ്യത പഞ്ചായത്ത് ഫണ്ടിൽനിന്നും അടച്ച് തീർത്തത് ക്രമപ്രകാരമല്ല. കുടിശ്ശിക ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. കൂടാതെ വെള്ളക്കരം കുടിശ്ശിക വരുത്തിയ കാലയളവ്, ആ കാലയളവിൽ വെള്ളക്കരം ഒടുക്കുന്നതിന് ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം, കുടിശ്ശിക ഒടുക്കാതിരുന്നതിന് സാധുവായ കാരണമുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം എന്നിവ ഓഡിറ്റ് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ പറഞ്ഞ പ്രകാരം 2021 ജനവരി മാസം കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കിയതിനുശേഷവും വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള 13 അങ്കണവാടികളുടെയും അതത് മാസത്തെ വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് ക്രമീകരണം ചെയ്തിട്ടില്ലെന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. 2021 ജനവരി മാസത്തിനുശേഷമുള്ള വെള്ളക്കരം കുടിശ്ശികയായിട്ടുണ്ടെങ്കിൽ കുടിശ്ശികയിന്മേലുള്ള പിഴപലിശ വെള്ളക്കരം ഒടുക്കുന്നതിന് വീഴ്ചവരുത്തിയവരിൽനിന്നും ഈടാക്കികൊണ്ട് കുടിശ്ശിക അടച്ചു തീർക്കേണ്ടതും, തുടർന്നുള്ള മാസങ്ങളിലെ വെള്ളക്കരം യഥാസമയം അടയ്ക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതുമാണ്.

## 1-57 യഥാസമയം വെള്ളക്കരം ഒടുക്കാത്തതുമൂലം പലിശ ബാദ്ധ്യതയാകുന്നു.

വൌച്ചറുകൾ പരിശോധിച്ചതിൽ 2021 ഫെബ്രുവരി മാസം ഒടുക്കേണ്ടിയിരുന്ന വെള്ളക്കരം (₹201688) തൻമാസം ഒടുക്കിയിട്ടില്ലെന്ന് കണ്ടു. ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വെള്ളക്കരം ഒരുമിച്ച് ചേർത്ത് 403376 രൂപ 18.03.2021-ലെ 450601 നമ്പർ ചെക്ക് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. പിഴപലിശ ഒടുക്കിയിട്ടില്ല. ഡിമാന്റ് തുക യഥാസമയം ഒടുക്കുവരുത്താതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. പിഴ പലിശ ഇനത്തിൽ (2%) 4034 രൂപ പഞ്ചായത്തിന് അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കാര്യങ്ങളിൽ വീഴ്ച വരുത്തിയതുമൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ച്ചെലവിനും ഉത്തരവാദി ജോലിവിഭജനം

അനുസരിച്ചുള്ള ഉദ്യോഗസ്ഥനാണ്. യഥാസമയം വെള്ളക്കരം ഒടുക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ജീവനക്കാരൻ/ ജീവനക്കാരിയിൽനിന്ന് ഈടാക്കേണ്ടതാണ്.

## 1-58 ABC-പ്രോഗ്രാം - തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ABC-പ്രോഗ്രാമിന്റെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രോ.നം.24/21) പൊതു വിഭാഗം വികസന ഫണ്ട് ഇനത്തിൽ 1,00,000 രൂപ (ബിൽ നം. 27/10.03.21) പിൻവലിച്ച് ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ പേർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതും മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-59 ലോഗ് ബുക്കിന്റെ പരിപാലനത്തിൽ അപാകം

പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ വാഹനം ഉപയോഗിക്കുന്നത് സംബന്ധിച്ച് 30.06.07-ലെ സ.ഉ.(എം.എസ്.)നം. 170/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, യാത്ര ചെയ്തയാൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 01.07.2020 മുതൽ 31.03.2021 വരെ കാലയളവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 52 തവണ പഞ്ചായത്ത് വാഹനം ഔദ്യോഗിക യാത്രകൾക്ക് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ യാത്രയുടെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ യാത്രകളുടെ ആധികാരികത പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓഡിറ്റ് കാലയളവിലെ ലോഗ് ബുക്ക് പരിശോധിക്കുകയോ, ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര് ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ലോഗ് ബുക്കിൽ മാസാന്ത്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലോഗ് ബുക്കിന്റെ പരിപാലനത്തിലുണ്ടായിട്ടുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 35020 | 38, നെൽക്കൃഷി വികസനം | 35920 | 0 |
| ജില്ലാ പഞ്ചായത്ത് | 55471 | 153,നെൽക്കൃഷി വികസനം(Spill Over) | 55471 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | 58,സാന്ത്വനം | 492117 | 7883 |
| ജില്ലാ പഞ്ചായത്ത് | 500000 | 140,സാന്ത്വനം (Spill Over) | 499991 | 9 |
| ജില്ലാ പഞ്ചായത്ത് | 300000 | 259, MN ലക്ഷംവീട് ഇരട്ട വീട് പദ്ധതി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | 31,ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | 208, അംഗൻവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 158400 | 36,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 152143 | 6257 |
| ജില്ലാ പഞ്ചായത്ത് | 480000 | 132,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(Spill Over) | 222828 | 257172 |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | 18,ലൈഫ് ഭവന പദ്ധതി(Sc) | 1980000 | 20000 |
| ബ്ലോക്ക് പഞ്ചായത്ത് | 900000 | 261,MN ലക്ഷംവീട് ഇരട്ട വീട് പദ്ധതി(Scp) | 700000 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 31,ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 215035 | 84965 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 36,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 220218 | 79782 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 132,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(Spill Over) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 224950 | 227,സുഭിക്ഷകേരളം തരിശുനിലക്കൃഷി | 204852 | 20098 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | ബിൽ നം./ചെക്ക് നം., തീ. | ഡെപ്പോസിറ്റ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| K.S.E.B. | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 20050352016100724426 11/11/2020 20050352016101302596 20/03/2021 | 97964 | 55711 42253 | 0 |
| കേരള വാട്ടർ അതോറിറ്റി | ആറാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 137969/7.5.20 | 460000 | 460000 | 0 |
| കേരള വാട്ടർ അതോറിറ്റി | ഇടത്തിട്ടപ്പടി-കുതിരമുക്ക് റോഡിൽ 19-ാം നമ്പർ അംഗൻവാടിക്ക് വാട്ടർ കണക്ഷൻ | 137970/7.5.20 | 120000 | 120000 | 0 |
| കേരള വാട്ടർ അതോറിറ്റി | പൂഴിക്കാട്ടുപടി മണ്ണാറ ഏല റോഡിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ , വാർഡ് 17 | 1200005/11.4.20 | 180000 | 180000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ വിവരം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 22.09.2018ലെ PAN/22565/2018-J2(DD) | 13528356 | 12896003 | 2139059 | 10756944 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | Dist.Co-Operative Bank, Ezhamkulam | 15.05.2020 | 1 വർഷം | 10800000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 139767834 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 121256609 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 630474 |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-40 | 405154 | ശ്രീ.വിനോദ്കമാർ.ടി.,സെക്രട്ടറി |
| 1-42 | 225320 | ശ്രീമതി.തുളസീഭായി,എച്ച്.എം. |

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി.3/772/97 തീയതി.29-04-98 | 13(3)(6),29,30,31(1),31(2),32 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/11/2000 തീയതി.02-12-2000 | 31 |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/873/2000 തീയതി.01-03-01 | 30(3) |
| 2001-02 ജ.ആ | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 7 |
| 2001-02 വരവ് ചെലവ് | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 3-5 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.10.626/08 തീയതി.23.10.2008 | 3-4,3-13,3-7(B)1 To 6,3-7,3-8 3-9, 3-10, |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.4/1408/07 | 3-7 To 3-12 |

| | | |
|---|---|---|
| | തീയതി.21-12-07 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.10/792/08 തീയതി.28-02-09 | 3-1,3-4(1),(2),(3), (4),3-5,2-2എ,2-2ബി,3-6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.10/793/08 തീയതി.20-07-09 | 3-2,3-5, 3-6സി(1), (2) (3) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.10/206/09 തീയതി.06-01-10/12-11-10 | 2-1,2-3(2), 2-4,2-5,2-6,3-11 To 3-18 3-21 To 3-24 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.10/154/10 തീയതി 08/10/2010 | 3-1 To 3-5, 3-7,3-9,3-12, 3-15to 3-19 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.10/144/2011 തീയതി.26.09.13 | 3-17,314,3-15 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013 തീയതി.01-10-13/04-09-14 | 3-1,3-3,3-5, 3-11 |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013 തീയതി.01-10-13 | 3-4,3-8,3-10, 3-12,3-13(1), 3-17 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14 തീയതി.09-02-15 | 2-1 To 2-8, 3-2,3-5,3-6 |
| 2013-14 & 2014-15 | കെ.എസ് .എ പി.റ്റി.എ. പി.10/7351/15 തീയതി.12-08-15/24.08.15 | 1-3,3-6,3-16 |
| 2015-16 | കെ.എസ്.എ പി.റ്റി.എ.പി10-1203/16 തീയതി 17.11.2016 | 1-3,1-12, 1-15,3-2,3-5, 3-7,3-8 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി10/979/2017 തീയതി 11.09.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി10/1573/18 തീയതി.7.01.2019 | എല്ലാ ഖണ്ഡികകളും |
| 2018-2019 | കെ.എസ്.എ.പി.റ്റി.എ.പി10/932/2019തീയതി 05.12.2019 | എല്ലാ ഖണ്ഡികകളും |
| 2019-2020 | കെ.എസ്.എ.പി.റ്റി.എ.പി 10/667/21 തീയതി 26.10.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്